بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 26

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂൺ 25/ഹി.ശം. 1399 ഇഹ്സാൻ 25/1441 ദുൽഖഅദ് 03

## അല്ലാഹുവിന്റെ വചനം

وَمَنۡ یُّطِعِ اللّٰہَ وَرَسُوۡلَہٗ یُدۡخِلۡہُ جَنّٰتٍ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ خٰلِدِیۡنَ فِیۡہَا ؕ وَذٰلِکَ الۡفَوۡزُ الۡعَظِیۡمُ ○ (النساء:14)

'ആർ അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുന്നുവോ അല്ലാഹു അവനെ താഴെ അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവർ അതിൽ ശാശ്വതമായി നിവസിക്കുന്നവരായിരിക്കും. അതുതന്നെയാണ് മഹത്തായ വിജയം.'(4:14)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അന്യദൈവങ്ങളോടുള്ള സ്നേഹം മനസ്സിലുണ്ടാകുകയും പതുക്കെപ്പതുക്കെ അത് മനസ്സിൽ ജയം പ്രാപിക്കുകയും ചെയ്യുന്നു. അതിനാൽ പാപത്തിൽനിന്ന് രക്ഷപ്പെടുന്നതിനും സുരക്ഷിതനായിരിക്കുന്നതിനും മരണത്തെ ഓർക്കുക എന്നതും ഒരു മാർഗമാണ്. അല്ലാഹുവിന്റെ അത്ഭുതകരമായ ശക്തിയിൽ ചിന്തിച്ചുകൊണ്ടിരിക്കുക. കാരണം അതുമുഖേന ദൈവസ്നേഹവും വിശ്വാസവും വർധിക്കുന്നു. അല്ലാഹുവിനോടുള്ള സ്നേഹം മനസ്സിലുണ്ടാകുമ്പോൾ അത് പാപത്തെ സ്വയമേവ കത്തിച്ചു ചാമ്പലാക്കുന്നു.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## പാപത്തിന്റെ യാഥാർഥ്യവും രക്ഷപ്പെടാനുള്ള മാർഗങ്ങളും:

'പാപം എന്തുകൊണ്ടാണുണ്ടാകുന്നത്? ഞാനിക്കാര്യവും ഇവിടെ പറയാനാഗ്രഹിക്കുകയാണ്. ഈ ചോദ്യത്തിനുള്ള മറുപടി സാധാരണ മനസ്സിലാകുന്ന വാക്കുകളിൽ ഇങ്ങനെയാണ്, അന്യദൈവങ്ങളോടുള്ള സനേഹം മനുഷ്യമനസ്സുകളിൽ അതിജയിക്കുമ്പോൾ ആ നിർമലമായ കണ്ണാടിയിൽ ഒരു തരത്തിലുള്ള തുരുമ്പ് പിടിക്കാൻ തുടങ്ങുന്നു. തൽഫലമായി അതു മെല്ലെ മെല്ലെ തികച്ചും ഇരുണ്ടുപോകുന്നു. അന്യത തന്റെ വീടാക്കി അവനെ അല്ലാഹുവിൽനിന്ന് ദൂരത്തിടുന്നു. ഇതുതന്നെയാണ് സൃഷ്ടിപൂജയുടെ വേര്. പക്ഷേ ഖൽബിൽ അല്ലാഹുവും അവന്റെ സ്നേഹവുംമാത്രം തന്റെ ആധിപത്യം സ്ഥാപിക്കുന്നു. അത് അന്യതയെ കത്തിച്ച് അതിനെ കേവലം തനിക്കുവേണ്ടി തിരഞ്ഞെടുക്കുന്നു. പിന്നീട് അതിൽ ഇസ്തിഖാമത്ത് അഥവാ സ്ഥിരചിത്തതയും സ്ഥൈര്യവുമുണ്ടാകുകയും യഥാർഥ സ്ഥലത്ത് വരികയും ചെയ്യുന്നു. അവയവങ്ങൾ പൊട്ടുകയും പിന്നീട് അത് പൊങ്ങി നില്ക്കുകയും ചെയ്യുമ്പോൾ എത്രമാത്രം ബുദ്ധിമുട്ടുകളാണുണ്ടാകുന്നത്. പൊട്ടിയ അവയവം ഒരുപാട് ബുദ്ധിമുട്ടിക്കുന്നതായിരിക്കും. പിന്നീട് അത് പിടിച്ച് നേരെയിടുമ്പോൾ കുറച്ച് ആശ്വാസം കിട്ടുന്നു. എന്നാൽ, ഇനി ആ അവയവം അങ്ങനെ തന്നെ പൊട്ടിയനിലയിലിരുന്നാൽ അതു മുഴുവനായും മുറിച്ചു നീക്കേണ്ട സ്ഥിതി വന്നെത്തുന്നതാണ്. ഇതുപ്രകാരം തന്നെയാണ് ഇസ്തിഖാമത്ത് അഥവാ സ്ഥിരചിത്തത ലഭിക്കാൻ ആദ്യഘട്ടങ്ങളിൽ ബുദ്ധിമുട്ടും പ്രയാസങ്ങളമുണ്ടാകുന്നത്. പക്ഷേ, അതു ലഭിച്ചു കഴിയുന്നതോടെ അനശ്വരമായൊരു സുഖവും സന്തോഷവുമുണ്ടാകുന്നതാണ്. നബി(സ)തിരുമേനിക്ക് **ഫസ്തഖിം കമാ ഉമിർത്ത** നിന്നോടു ശാസിക്കപ്പെട്ട പ്രകാരം ഉറച്ചു നില്ക്കുക(11:113) എന്ന നിർദേശമുണ്ടായപ്പോൾ അദ്ദേഹത്തിന് നരച്ച ഒരു മുടിയും ഉണ്ടായിരുന്നില്ല എന്നെഴുതിയിരിക്കുന്നു. പിന്നീട് മുടി നരക്കാൻ തുടങ്ങി. അപ്പോൾ അവിടന്ന് 'സൂറ ഹൂദ് എന്നെ വൃദ്ധനാക്കിക്കളഞ്ഞു'വെന്ന് പറഞ്ഞു.

പറഞ്ഞതിന്റെ ചുരുക്കമിതാണ്: മനുഷ്യൻ മരണത്തെ കുറിച്ച് ബോധവാനാകാത്തിടത്തോളം അവൻ നന്മയിലേക്ക് ചായുക സാധ്യമല്ല. അന്യദൈവങ്ങളോടുള്ള സ്നേഹം മനസ്സിലുണ്ടാകുമ്പോഴാണ് പാപമുണ്ടാകുന്നതെന്ന് ഞാൻ പറയുകയുണ്ടായി. പതുക്കെപ്പതുക്കെ അത് മനസ്സിൽ ജയം പ്രാപിക്കുന്നു. അതിനാൽ പാപത്തിൽനിന്ന് രക്ഷപ്പെടുന്നതിനും സുരക്ഷിതനായിരിക്കുന്നതിനും മരണത്തെ ഓർക്കുക എന്നതും ഒരു മാർഗമാണ്. അല്ലാഹുവിന്റെ അത്ഭുതകരമായ ശക്തിയിൽ ചിന്തിച്ചുകൊണ്ടിരിക്കുക. കാരണം അതുമുഖേന ദൈവസ്നേഹവും വിശ്വാസവും വർധിക്കുന്നു. അല്ലാഹുവിനോടുള്ള സ്നേഹം മനസ്സിലുണ്ടാകുമ്പോൾ അത് പാപത്തെ സ്വയമേവ കത്തിച്ചു ചാമ്പലാക്കുന്നു.

പാപത്തിൽനിന്ന് രക്ഷപ്പെടാനുള്ള രണ്ടാമത്തെ മാർഗം മരണത്തെ കുറിച്ചുള്ള ബോധമാണ്. മനുഷ്യൻ മരണത്തെ തന്റെ അടുത്തു വെക്കുകയാണെങ്കിൽ ദുഷ്കർമങ്ങളിൽനിന്നും ബുദ്ധിയില്ലായ്മകളിൽനിന്നും പിൻവാങ്ങുകയും അല്ലാഹുവിൽ അവനൊരു പുതിയ വിശ്വാസം കരസ്ഥമാകുകയും ചെയ്യും. ചെയ്തുപോയ പാപങ്ങളിൽനിന്ന് തൗബ ചെയ്യുവാനും ലജ്ജിക്കാനുമുള്ള അവസരം കിട്ടുന്നതായിരിക്കും. ബലഹീനനായ മനുഷ്യന് എന്തു പ്രസക്തിയാണുള്ളത്? കേവലം ഒരു ശ്വാസത്തിന്റെ ബലം!! പിന്നെന്തുകൊണ്ട് അവർ ആഖിറത്തിനെ കുറിച്ച് ചിന്തിക്കുന്നില്ല. മരണത്തെ ഭയപ്പെടുന്നില്ല. അവർ ശരീരേച്ഛകളുടെ ഭൃത്യരായും മൃഗീയമായ വികാരങ്ങളുടെ അടിമകളായും ആയുസ്സ് നഷ്ടപ്പെടുത്തുന്നു. ഹിന്ദുക്കൾക്കും മരണത്തെ കുറിച്ച് ബോധമുണ്ടായിട്ടുള്ളതായി ഞാൻ കണ്ടിട്ടുണ്ട്. ബട്ടാലയിൽ 70,72 വയസ്സുള്ള ഒരു ഭണ്ഡാരകാര്യസ്ഥനുണ്ടായിരുന്നു. ആ നേരത്ത് അയാൾ വീടും മറ്റും ഉപേക്ഷിച്ച് കാശിയിൽപ്പോയി താമസിക്കാൻ തുടങ്ങുകയും അവിടെ മരിക്കുകയും ചെയ്തു. അവിടെ പോയി മരിച്ചാൽ മോക്ഷം കിട്ടുമെന്ന വിചാരത്താലാണ് അയാൾ അങ്ങനെ ചെയ്തത്. എന്നാൽ, അയാളുടെ ധാരണ തെറ്റായിരുന്നു. പക്ഷേ, അതിൽനിന്ന് നമുക്കു കിട്ടുന്ന പാഠം അയാൾക്ക് മരണബോധമുണ്ടായി എന്നതാണ്. മരണത്തെ കുറിച്ചുള്ള ബോധം മനുഷ്യനെ ഭൗതികമായ ആസ്വാദനങ്ങളിൽ എപ്പോഴും മുഴുകുന്നതിൽനിന്നും ദൈവത്തിൽനിന്ന് അകലെപോയി വീഴുന്നതിൽനിന്നും രക്ഷിക്കുന്നു. കാശിയിൽപോയി മരിച്ചാൽ മുക്തി കിട്ടുമെന്നുള്ളത് അയാളുടെ മനസ്സിൽ പതിഞ്ഞിരുന്ന സൃഷ്ടിപൂജയുടെ മറയായിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ ഹിന്ദുക്കളെപ്പോലെപോലും മരണബോധം ഉണ്ടാക്കാത്തതുകാണുമ്പോൾ എനിക്ക് അതിയായ വിഷമമുണ്ട്. നബി(സ)തിരുമേനിയെ നോക്കുക. കേവലം **ഫസ്തഖിം കമാ ഉമിർത്ത** ശാസിക്കപ്പെട്ട പ്രകാരം ഉറച്ചു നില്ക്കുക(11:113)എന്ന ഒരേയൊരു കല്പന, തന്നെ വൃദ്ധനാക്കിക്കളഞ്ഞുവെന്നാണ് അവിടന്ന് പറഞ്ഞത്. മരണത്തെ കുറിച്ചുള്ള ബോധം എത്ര അധികമായിരുന്നു. എന്തുകൊണ്ടാണ് നബി(സ) തിരുമേനിക്ക് ഈ ബോധമുണ്ടായത്? നമ്മൾ അതിൽനിന്ന് പാഠം ഉൾക്കൊള്ളുന്നതിനുവേണ്ടി മാത്രം! ഇല്ലെങ്കിൽ നബി(സ)തിരുമേനിയുടെ പരിശുദ്ധവും പരിപാവനവുമായ ജീവിതത്തെക്കാളുപരി മറ്റെന്ത് തെളിവാണുണ്ടാകേണ്ടത്? അല്ലാഹു ആ മഹാത്മാവിനെ തികഞ്ഞ മാർഗദർശിയും ഖിയാമത്തുന്നാൾവരെ മുഴു ലോകത്തിനുവേണ്ടിയും നിശ്ചയിച്ചു. എന്നാൽ, അവിടത്തെ ജീവിതത്തിന്റെ എല്ലാ സംഭവങ്ങളും വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വാചികഗ്രന്ഥമാണെന്നപോലെ കർമപരമായ അധ്യാപനങ്ങളുടെ ഒരു സമാഹാരമാണ്. പ്രകൃതിനിയമം അതിന്റെ കർമപരമായ പുസ്തകമാണെന്നപോലെ നബി(സ)തിരുമേനിയുടെ ജീവിതവും ഒരു കർമപരമായ പുസ്തകമാണ്. അത് വിശുദ്ധ ഖുർആന്റെ വ്യാഖ്യാനവും വിശദീകരണവുമാണ്. എനിക്കു 30 വയസ്സിൽത്തന്നെ മുടി നരച്ചിരുന്നു. മിർസാസാഹിബ് മർഹൂം എന്റെ പിതാവ് അപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. നരച്ച മുടിയും മരണത്തിന്റെ ഒരു തരത്തിള്ള ലക്ഷണമാണ്. വാർധക്യം വരുമ്പോൾ അതിന്റെ അടയാളം ഇതേ നരച്ച മുടിയാണ്. മരണദിവസം അടുത്തെത്തിയിരിക്കുന്നുവെന്ന് അപ്പോൾ മനുഷ്യൻ മനസ്സിലാക്കുന്നു. എന്നാൽ, ആ നേരത്തും മനുഷ്യൻ ചിന്തിച്ചുതുടങ്ങുന്നില്ലെന്നതാണ് ഏറെ ദുഃഖകരം. പക്ഷികളിൽനിന്നും മൃഗങ്ങളിൽനിന്നും ഉൽകൃഷ്ടസ്വഭാവം മുഅ്മിന് പഠിക്കാൻ കഴിയും. കാരണം അല്ലാഹുവിന്റെ തുറന്ന ഗ്രന്ഥം അവന്റെ മുമ്പിലുണ്ട്. ലോകത്ത് എത്രത്തോളം വസ്തുക്കൾ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടോ അവ മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ രണ്ടു തരത്തിലുള്ള സന്തോഷങ്ങൾക്കുമുള്ളതാണ്. ഹദ്റത്ത് ജുനയ്ദ്(റഹ്)യെ കുറിച്ച് തദ്ക്കിറയിൽ, 'താൻ 'മറാഖബ'(ആത്മീയോദ്ഗമന മാർഗം) പഠിച്ചത്

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ? – 2

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

## (വാഗ്ദത്ത മഹ്ദീ മസീഹ്)

**നബിയെ പിൻപറ്റൽ അനിവാര്യം:**

പറഞ്ഞുവന്നതിന്റെ ചുരുക്കം, നബി(സ)തിരുമേനിയെ വിശ്വസിക്കാതെ ഏകദൈവതത്ത്വത്തിൽ മാത്രം വിശ്വസിച്ചാൽ മോക്ഷം കിട്ടുമെന്ന് പറയുന്നവർ ഒളിഞ്ഞിരിക്കുന്ന മുർത്തദ്ദുകളാണ്. യഥാർഥത്തിൽ അവർ ഇസ്‌ലാമിന്റെ ശത്രുക്കളാകുന്നു. മതത്തിൽനിന്ന് പുറത്തുചാടാൻ അവർ തങ്ങൾക്കായി ഒരു വഴി മെനഞ്ഞെടുത്തു. അവർക്ക് പിന്തുണ നൽകുകയെന്നത് മതബോധമുള്ളവരുടെ പ്രവൃത്തിയല്ല. നിർഭാഗ്യമെന്നു പറയട്ടെ, മൗലവിമാരെന്നും പണ്ഡിതരെന്നും പറയുന്ന നമ്മുടെ എതിരാളികൾ അത്തരമാളുകളുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടരാകുന്നു. വാസ്തവത്തിൽ എന്നെ നിന്ദിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള എന്തെങ്കിലും പഴുത് കിട്ടാനുണ്ടോ എന്ന് ഈ പാവത്തുങ്ങൾ സദാ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, അവരുടെ നിർഭാഗ്യംകൊണ്ട് അവർ അവസാനം പരാജിതരാകുന്നു. അവർ ആദ്യമേ എനിക്കെതിരിൽ കുഫ്റ് ഫത്‌വ തയ്യാറാക്കി. ഏകദേശം 200 മൗലവിമാർ അതിൽ ഒപ്പിടുകയും ഞാൻ കാഫിറാണെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ ഇക്കൂട്ടർ കുഫറിൽ യഹൂദീനസ്വാറാക്കളെക്കാൾ അധഃപതിച്ചവരാണെന്നുകൂടി ഞങ്ങളെ സംബന്ധിച്ചെഴുതാൻ ആ ഫത്‌വകളിൽ ചില ആലിമീങ്ങൾ മടിച്ചില്ല. ഇവരെ മുസ്‌ലിം ഖബ്ർസ്താനിൽ മറയടക്കാൻ അനുവദിക്കരുതെന്നും ഇവർക്ക് സലാം പറയരുതെന്നും ഇവരുമായി ഹസ്തദാനം നടത്തരുതെന്നുമുള്ള പൊതുവായ ഫത്‌വയും അവർ ഞങ്ങൾക്കെതിരിൽ നൽകി. കാഫിറായവരുടെ പിന്നിൽ നമസ്കരിക്കുന്നത് ശരിയല്ല. മസ്ജിദുകളിലും ഇവരെ കയറ്റിക്കൂടാ. കാരണം, മസ്ജിദുകൾ അവർ കാരണം അശുദ്ധമാകും. അഥവാ ഇവർ കയറിയാൽ മസ്ജിദു കഴുകി വൃത്തിയാക്കേണ്ടതാണ്. ഇവരുടെ മുതലുകൾ കൊള്ളയടിക്കുന്നത് അനുവദനീയമാണ്. ഇവർ വധാർഹരുമാണ്. എന്തുകൊണ്ടെന്നാൽ യുദ്ധം ചെയ്യുന്ന മഹ്ദിയുടെ ആഗമനത്തേയും ജിഹാദിനേയും ഇവർ നിഷേധിക്കുന്നു. ഇങ്ങനെയുള്ള ഇവരുടെ ഫത്‌വകളെല്ലാം നിലവിലിരുന്നിട്ടും നമുക്കെന്ത് ചേതമാണുണ്ടായത്? രാജ്യത്ത് ഈ ഫത്‌വകൾ പ്രചരിപ്പിച്ച ദിനങ്ങളിൽ വിരലിലെണ്ണാവുന്നവർ മാത്രമേ എനിക്ക് ബയ്അത്ത് ചെയ്തിരുന്നുള്ളൂ. എന്നാലിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അനുയായികൾ മൂന്നു ലക്ഷത്തിലേറെയായിക്കഴിഞ്ഞു. സത്യാന്വേഷികൾ വളരെ ആവേശത്തോടെ ഈ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഈ രീതിയിലാണോ സത്യവിശ്വാസികൾക്കെതിരിൽ അല്ലാഹു അവിശ്വാസികളെ സഹായിക്കാറുള്ളത്. കലിമ ചൊല്ലുന്ന 20 കോടി മുസ്‌ലിമീങ്ങളെ നാം കാഫിറാക്കിയെന്നുള്ള നമുക്കെതിരായ ആരോപണവും പരിശോധിക്കുക! സത്യത്തിൽ നമ്മുടെ ഭാഗത്തുനിന്ന് അതിരുലംഘനമൊന്നും ഉണ്ടായിട്ടില്ല. അവരുടെ ആലിമീങ്ങൾ തന്നെയാണ് നമുക്കെതിരിൽ കുഫ്റ് ഫത്‌വ വിധിച്ചത്. ഇവർ കാഫിറാണെന്ന് പറഞ്ഞ് പഞ്ചാബ് മുഴുവനും ഇന്ത്യയൊട്ടുക്കും നമുക്കെതിരിൽ മുറവിളി കൂട്ടിയത്. ഇതുമുഖേന വിവരമില്ലാത്ത ആളുകൾ നമ്മോട് വെറുപ്പുള്ളവരായി. നേരിൽ എന്തെങ്കിലും ശാന്തമായി സംസാരിക്കുന്നതുപോലും അവരുടെ പക്കൽ പാപമായിത്തീർന്നു. അവരെ കാഫിറാക്കിയത് നാമാണെന്നതിന് തെളിവ് നല്കുവാൻ ഏതെങ്കിലും മൗലവിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും എതിരാളിക്കോ അല്ലെങ്കിൽ മതഗുരുക്കന്മാരുടെ പദവിയിലിരിക്കുന്ന ആർക്കെങ്കിലുമോ സാധിക്കുമോ? നമുക്കെതിരിലുള്ള കുഫ്റ് ഫത്‌വ പുറത്തുവരുന്നതിനു മുമ്പേ നമ്മെ എതിർക്കുന്ന മുസ്‌ലിമീങ്ങൾ സത്യ നിഷേധികളാണെന്നു പറഞ്ഞുകൊണ്ട് നോട്ടീസോ, വിജ്ഞാപനമോ, ലഘുലേഖയോ നാം ഇറക്കിയിട്ടുണ്ടെങ്കിൽ അവരത് ഹാജരാക്കട്ടെ. ഇതിന് സാധിക്കുന്നില്ലെങ്കിൽ നമ്മെ കാഫിറാക്കുകയും എന്നിട്ട് ഞാനാണ് എല്ലാ മുസ്‌ലിമീങ്ങളെയും കാഫിറാക്കിയതെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്യുന്നത് എത്ര മാത്രം കൊടിയവഞ്ചനയാണ്? കൊടിയ വഞ്ചനയും വലിയ കളവും സത്യത്തിന് നിരക്കാത്ത അപവാദവും അങ്ങേയറ്റം ഹൃദയഭേദകമല്ലേ. തങ്ങളുടെ ഫത്‌വകൾ മുഖേന ഞങ്ങളെ കാഫിറാക്കി മുദ്രകുത്തുകയും എന്നിട്ട് ആരെങ്കിലും മുസ്‌ലിമിനെ കാഫിറാക്കിയാൽ ആ കുഫ്റ് അവനിലേക്കുതന്നെ മടങ്ങും എന്ന യാഥാർഥ്യം സ്വയം അംഗീകരിക്കുകയും ചെയ്യുമ്പോൾ, അവരുടെ അംഗീകൃത തത്ത്വപ്രകാരംതന്നെ അവർ സത്യനിഷേധികളാണെന്നു പറയാനുള്ള അവകാശം നമുക്കുണ്ടെന്ന് അവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ അക്കൂട്ടർ കുറച്ച് നാൾവരെ ഞങ്ങൾ കാഫിറാണെന്നുള്ള വ്യാജ സന്തോഷത്താൽ തങ്ങളുടെ ഹൃദയങ്ങളെ തൃപ്തിപ്പെടുത്തി. പിന്നീട് ആ സന്തോഷം അഴുകിപ്പോവുകയും അല്ലാഹു നമ്മുടെ ജമാഅത്തിനെ രാജ്യമൊട്ടാകെ പരത്തുകയും ചെയ്തപ്പോൾ മറ്റേതെങ്കിലും പദ്ധതിയുണ്ടോ എന്ന് അവർ അന്വേഷിക്കാൻ തുടങ്ങി.

അപ്പോൾ ആ ദിനങ്ങളിൽ എന്റെ പ്രവചനമനുസരിച്ച് ആര്യസമാജി നേതാവായ ലേഖ്റാമിനെ ആ പറയപ്പെട്ട കാലയളവിനുള്ളിൽത്തന്നെ ആരോ വധിച്ചുകളഞ്ഞു. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, പ്രവചനം പൂർത്തിയായെന്നും ഇസ്‌ലാമികാടയാളം വെളിപ്പെട്ടുവെന്നുമുള്ള ചിന്ത ഒരൊറ്റ മൗലവിക്കും ഉണ്ടായില്ല. മറിച്ച് അവരിലുള്ള ചിലർ പ്രവചനം ചെയ്തയാളെ സർക്കാർ കസ്റ്റഡിയിലെടുക്കാത്തതെന്താണെന്ന് പലപ്രാവശ്യം സർക്കാരിനെ ഓർമപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ, ആ ആഗ്രഹവും പൂവണിഞ്ഞില്ല. അവർ നിരാശപ്പെട്ടവരായി. മാർഗഭ്രംശത്താൽ നാശമാണ് അവർക്ക് ഒടുമുതലായത്.

പിന്നെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് ഒരു വധോദ്യമക്കേസ് എനിക്കെതിരിൽ ഫയൽ ചെയ്തു. പിന്നെത്തെ കാര്യം പറയാനുണ്ടോ? അടക്കാനാവാത്ത സന്തോഷത്താൽ അവർ മതിമറന്നു. ചില മസ്ജിദുകളിൽ എനിക്ക് വധശിക്ഷ കിട്ടാനായി സുജൂദിൽ കിടന്നുള്ള ദുആകൾപോലും നടന്നു. അവർ സുജൂദിൽ കിടന്ന് പ്രാർഥിച്ച് പ്രാർഥിച്ച് അവരുടെ മൂക്ക് തേഞ്ഞുവെങ്കിലും അല്ലാഹു എനിക്ക് നൽകിയ വാഗ്ദാനം, ആദ്യമേ പ്രകാശനം ചെയ്തതുപോലെ പൂർത്തിയാവുകയും ഞാൻ മാന്യതയോടെ മോചിതനാവുകയുമാണുണ്ടായത്. ഞാൻ ആഗ്രഹിക്കുന്നെങ്കിൽ ഈ ക്രിസ്ത്യാനികൾക്കെതിരിൽ കേസ് കൊടുക്കാമെന്നുള്ള അനുവാദവും എനിക്ക് നൽകപ്പെട്ടു. ഞാൻ ശിക്ഷിക്കപ്പെട്ടു കാണണമെന്ന് അതിയായി ആഗ്രഹിച്ച നമ്മുടെ എതിരിലുള്ള മൗലവിമാരും അവരുടെ അനുയായികളും ഇതിലും പരാജയപ്പെടുകതന്നെ ചെയ്തു.

കുറച്ചുനാളുകൾക്കുശേഷം കറംദീൻ എന്ന് പേരുള്ള മൗലവി ഗുരുദാസ്പൂർ കോടതിയിൽ എനിക്കെതിരെ ഒരു ക്രിമിനൽ കേസ് കൊടുത്തു. എന്റെ എതിർമൗലവിമാർ അതിനെ പിന്താങ്ങി. അഡീഷണൽ അസിസ്റ്റന്റ് കമ്മീഷണർ ആത്മാറാമിന്റെ കോടതിയിൽ പോയി അവർ എനിക്കെതിരിൽ സാക്ഷി പറഞ്ഞു. കഴിവിന്റെ പരമാവധി അവർ പയറ്റിനോക്കി. ഇത്തവണ എന്തായാലും വിജയിക്കുമെന്ന് അവർക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. ആത്മാറാം ആണെങ്കിൽ കേസ് കൂലങ്കഷമായി പഠിക്കാതെ തന്റെ വിവരമില്ലായ്മ നിമിത്തം എനിക്ക് തടവുശിക്ഷവിധിക്കാൻ സന്നദ്ധനാവുകയായിരുന്നു. അപ്പോൾ, ആത്മാറാമിനെ തന്റെ മക്കളിൽനിന്ന് വേർപ്പെടുത്തുമെന്ന് അല്ലാഹു എന്നെ അറിയിച്ചു. ഈ ദർശനം ഞാൻ ജമാഅത്തിനെ കേൾപ്പിച്ചു. ഏകദേശം 20, 25 ദിവസത്തിനുള്ളിൽ അയാളുടെ രണ്ടു പുത്രന്മാർ അയാളിൽനിന്നു വിടപറഞ്ഞു. എനിക്ക് തടവ് ശിക്ഷനൽകാൻ ആത്മാറാമിന് കഴിഞ്ഞതുമില്ല. തടവ് വിധിക്കാൻ അയാൾ തുടക്കം കുറിച്ചതാണ്. എന്നാൽ, അവസാനം അയാളെ ആ കൃത്യത്തിൽനിന്ന് അല്ലാഹു തടഞ്ഞു എങ്കിലും 700 രൂപ എനിക്ക് പിഴയിട്ടു. എന്നാൽ, മേൽക്കോടതി എന്നെ മാന്യതയോടെ കുറ്റവിമുക്തനാക്കി. കറംദീന്റെ മേൽശിക്ഷ നിലനിന്നു. പിഴ എനിക്കു മടക്കിത്തന്നു. പക്ഷേ, ആത്മാറാമിന്റെ രണ്ടു മക്കൾ മടങ്ങിവന്നില്ല.

കറംദീൻ കേസിൽ ഏതൊരു സന്തോഷം കരസ്ഥമാക്കാൻ നമ്മുടെ മൗലവിമാർ ആഗ്രഹിച്ചിരുന്നുവോ അതു പൂർത്തിയായില്ല. എന്റെ ഗ്രന്ഥമായ മവാഹിബുർറഹ്മാനിൽ ഞാൻ മുമ്പേ എ

(ശേഷം പേജ് 11ൽ)

### ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,*
*'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'*
*(മുസ്‌ലിം)*

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

# ഖുത്ബ ജുമുഅ

**കാലത്തിന്റെ ഖലീഫയും ജമാഅത്തും ഒരേ അസ്തിത്വത്തിന്റെ രണ്ടു നാമങ്ങളാണ്**

ഇന്നു നമ്മൾ ഏതൊരു പരിതഃസ്ഥിതിയിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്
അതിൽ പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്.

ഇക്കാലത്ത് വന്നുകൊണ്ടിരിക്കുന്ന ഈ വിപത്തുകൾക്കും പ്രളയങ്ങൾക്കും ബലാകൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലവുമായി പ്രത്യേക ബന്ധമുണ്ട്. അതുകൊണ്ട് നമ്മൾ നമ്മുടെ ഈമാനിനും ദൃഢവിശ്വാസത്തിനും ശുഭപര്യവസാനത്തിനു വേണ്ടി ധാരാളം ദുആ ചെയ്യേണ്ടതാണ്.ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയും ദുആകൾ ചെയ്യേണ്ടതാണ്.

“ഈ പരീക്ഷണത്തിന്റെ കാലഘട്ടത്തിൽ സ്വന്തം ശരീരേച്ഛയെ വധിച്ച് തഖ്‌വാ സ്വായത്തമാക്കേണ്ടതാണ്. ഞാൻ ഇപ്പറയുന്നതിന്റെ ഉദ്ദേശ്യം നിങ്ങൾ ഉപദേശവും ഗുണപാഠവും സ്വീകരിക്കുക എന്നാണ്. ലോകം നശ്വരസ്ഥലമാണ്. അവസാനം മരിക്കേണ്ടതുണ്ട്. ദീനിന്റെ കാര്യങ്ങളിലാണ് സന്തോഷമുള്ളത്. യഥാർഥ ഉദ്ദേശ്യം ദീൻതന്നെയാണ്.”

വർത്തമാനകാല അവസ്ഥകളിൽ അഹ്മദികൾ സുരക്ഷിതരായിരിക്കുന്നതിനും
അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധികൾക്കും ധനത്യാഗം ചെയ്യുന്നവർക്കും എം.ടി.എ പ്രവർത്തകർക്കും
ആഗോള ഇസ്‌ലാമിന്റെ സമാധാനപരമായ ഐക്യത്തിനുംവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.

**ചില ദുആകൾ നിത്യസ്തോത്രമായി ചൊല്ലാൻ ഉപദേശം**

**ഖുത്ബ ജുമുഅ 2020 മെയ് 22/1399 ഹിജ്റത്ത് 22**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ) യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ദിവസം ഞാൻ വീണ് പരിക്കുപറ്റിയപ്പോൾ അസാധാരണമായ വികാരപ്രകടനം നടത്തുകയും വളരെ വേദനയോടെ എനിക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്ത എല്ലാ അഹ്മദികൾക്കും ആദ്യമായി ഞാനെന്റെ കൃതജ്ഞത അറിയിക്കുകയാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും തക്കതായ പ്രതിഫലം നൽകുമാറാകട്ടെ, ആത്മാർഥതയും കൂറും വർധിപ്പിക്കുമാറാകട്ടെ. അല്ലാഹുവിന്റെ കല്പന പ്രകാരം അവനുവേണ്ടി പരസ്പരമുള്ള ഈ സ്നേഹം, പ്രത്യേകിച്ചും കാലത്തിന്റെ ഖലീഫയോടുള്ള ആത്മാർഥതയുടെയും കൂറിന്റെയും ഉദാഹരണം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. ഇരുഭാഗത്തേക്കുമുള്ള ഈ സ്നേഹവും അല്ലാഹു ഉണ്ടാക്കിയതാകുന്നു. ഇവിടെ ഇരുകൂട്ടരിൽ ആർ ആർക്കുവേണ്ടിയാണ് കൂടുതൽ വേദനിക്കുന്നതെന്നു മനസ്സിലാക്കാനും സാധിക്കുകയില്ല. ചിലപ്പോൾ തോന്നും ഖിലാഫത്തിനോടു ജമാഅത്തംഗങ്ങൾക്കുള്ള സ്നേഹം അതിന്റെ പാരമ്യതയിലെത്തിയെന്ന്. ഖലീഫയ്ക്ക് ജമാഅത്തംഗങ്ങളോടുള്ള ബന്ധവും സ്നേഹവുമാണിത്. ചിലയാളുകളുടെ ഉദാഹരണങ്ങൾ എങ്ങനെയുള്ളതാണെന്നാൽ അതു കാണുമ്പോൾ തോന്നുന്നത് ആ നിലവാരത്തിലുള്ളതല്ലെന്നാണ്. പക്ഷേ, ഇതു ഇരുഭാഗത്തേക്കുമുള്ള സ്നേഹമാണ്. ഇരുഭാഗത്തേക്കുമുള്ള ബന്ധമാണ്.

ഞാൻ പറഞ്ഞതുപോലെ ഭൗതികമായ മറ്റൊരു ബന്ധത്തിലും ഉദാഹരണം ലഭിക്കാത്ത ഒരു ബന്ധമാണിത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ ഒരു വാക്യം എനിക്ക് വളരെ ഉത്തമമായി തോന്നുന്നു: ‘കാലത്തിന്റെ ഖലീഫയും ജമാഅത്തും ഒരേയൊരു അസ്തിത്വത്തിന്റെ രണ്ടു പേരാണ്.’(ഖുത്ബാത്തെ നാസിർ വാല്യം 4, പേജ് 423, ഖുത്ബ ജുമുഅ 29–9–1972)

നിങ്ങളുടെയൊക്കെ ദുആകളുടെ സ്വീകാര്യതതന്നെയാണിത്. ദൈവകൃപയാൽ അസാധാരണമായ നിലയിൽ മുറിവ് ഉണങ്ങി. ഡോക്ടർ സാഹിബ് എന്നോടു മുഖത്തുണ്ടായിട്ടുള്ള മുറിവ് പൊതുവെ പെട്ടെന്ന് ഉണങ്ങാറുണ്ടെന്ന് പറഞ്ഞു. പക്ഷേ, ഡോക്ടർ സാഹിബ് പറയുന്നു: ഏതൊരു വേഗത്തിലാണോ ഈ മുറിവ് ഉണങ്ങിയത് ഞാൻപോലും അത്ര വിചാരിച്ചിരുന്നില്ല. അദ്ദേഹത്തിനോടു ഞാൻ പറഞ്ഞത് ഇതാണ്: ‘ചികിത്സ അതിന്റെ സ്ഥാനത്ത്. പക്ഷേ, യഥാർഥ കാര്യം അഹ്മദികൾ ചെയ്തുകൊണ്ടിരിക്കുന്ന ദുആകളാണ്.’ ധാരാളം മുറിവുകളുണ്ട്, അതുണങ്ങി പൊ റ്റ അടരണമെങ്കിൽ കുറഞ്ഞത് രണ്ടാഴ്ച പിടിക്കുമെന്നാണ് ഞാനും കരുതിയത്; പിന്നീട് മുറിവിന്റെ ചില പാടുകളുമുണ്ടാകും. പക്ഷേ, അല്ലാഹുവിന്റെ ഫള്ലുകൊണ്ട് 7,8 ദിവസത്തിനുള്ളിൽത്തന്നെ എല്ലാം ഉണങ്ങി ശരിയായി. ഈ പരിക്കു കാരണം ‘മർഹമെ ഈസാ’ പുരട്ടിയതിന്റെ എനിക്കുണ്ടായ ഒരനുഭവവും പറയുകയാണ്. മീർ മഹ്മൂദ് അഹ്മദ് സാഹിബ് നാസിർ സുറിയാനി കുറിപ്പടി അനുസരിച്ച് മരുന്നു തയ്യാറാക്കി കുറച്ചുകാലം മുമ്പേ എനിക്കയച്ചിരുന്നു. അത് ഞാൻ ഇപ്പോൾ ഉപയോഗിച്ചു. ഇതുപോലെ ഞാൻ ഉപയോഗിച്ച ഹോമിയോപ്പതി ‘കലെൻഡ്യുലാ (Calendula)ക്രീമ’ായിരുന്നു. എന്തായാലും യഥാർഥ ഫള്ൽ അല്ലാഹുവിന്റേതു തന്നെയാണ്. അവനാണ് ശാഫീ. മരുന്നുകളെ കുറിച്ച് ഞാൻ പറഞ്ഞത് മറ്റുള്ളവർക്കും ഉപകരിച്ചോട്ടെ എന്ന നിലയ്ക്കാണ്; ചിലപ്പോൾ ആവശ്യംവരാറുണ്ട്. പരിക്കു കാരണമായുള്ള തുടർ ബുദ്ധിമുട്ടുകളും അല്ലാഹു എത്രയും പെട്ടെന്ന് അകറ്റുന്നതിന് ദുആ ചെയ്യുക; അല്ലാഹു ദൂഷ്യഫലങ്ങൾ അകറ്റുമാറാകട്ടെ.

അല്ലാഹുവിന്റെ ഫള്ല് തന്നെയാണ് യഥാർഥ ശക്തി. അത് ദുആകളിലൂടെയാണ് ലഭിക്കുന്നത്. എനിക്കോർമയുണ്ട് കുറച്ചു കാലമായി എന്റെ തോളുകളിലും കൈകളിലും ശക്തമായ വേദനയുണ്ടായിരുന്നു. കൈപൊക്കുക പ്രയാസമായിരുന്നു. മറ്റെകൈയുടെ സഹായം തേടേണ്ടിവന്നിരുന്നു. ഇവിടുത്തെ സ്പെഷ്യലിസ്റ്റു ഡോക്ടറെ കാണിച്ചു. ഈ വേദന 6 ആഴ്ചമുതൽ മൂന്നു, നാലു മാസവരെ ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹം പരിശോധിച്ചു. നോക്കിയപ്പോൾ ആ നേരത്ത് അല്ലാഹുവിന്റെ ഫള്ലുകൊണ്ട് 90% വേദനയും അകന്നുകഴിഞ്ഞിരുന്നു. അദ്ദേഹം വളരെ അത്ഭുതം പ്രകടിപ്പിച്ചു. അദ്ദേഹത്തിനോടു ഞാൻ പറഞ്ഞത് ഇതുതന്നെയാണ്, ലക്ഷക്കണക്കിനാളുകൾ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ അല്ലാഹു ഈ രീതിയിലാണ് കൃപ ചൊരിയുന്നത്. ഇംഗ്ലീഷുകാരനായിരുന്ന അദ്ദേഹം പറഞ്ഞു, ‘ഞാൻ ക്രിസ്ത്യാനിയാണ്, ഞങ്ങളുടെ കുടുംബം മതവിശ്വാസികളുമാണ്. പ്രാർഥനകളിൽ എനിക്കും വിശ്വാസമുണ്ട്. അദ്ദേഹം പറഞ്ഞു, തീർച്ചയായും ഇത് ദുആ കൊണ്ടാണ് ഭേദമായത്.’

അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ല് തന്നെയാണ് നമ്മൾ എപ്പോഴും ഇരന്നുകൊണ്ടിരിക്കേണ്ടത്. അവന്റെ മുമ്പിൽ കുനിയേണ്ടതാണ്. ഈയിടെയായി നമ്മൾ ഏതൊരു അവസ്ഥയിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അതിൽ പ്രത്യേകിച്ചും അല്ലാഹുവിന്റെ മുമ്പിൽ കുനിയേണ്ട ആവശ്യമുണ്ട്. യു.കെ.യിൽനിന്ന് റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ഈ അവസ്ഥകളിൽ ജമാഅത്തംഗങ്ങൾക്ക് അല്ലാഹുവിലേക്ക് കുനിയുന്നതിൽ ഒരുപാട് ശ്രദ്ധയുണ്ടായിരിക്കുന്നുവെന്നും അല്ലാഹുവിലുള്ള വിശ്വാസത്തിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും പറഞ്ഞ് മറ്റു രാജ്യങ്ങളിൽനിന്നും റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ലോക്ഡൗൺ കാരണത്താൽ വീടുകളിൽ പ്രത്യേകമായ നിലയിൽ വീട്ടിലുള്ളവർ ചേർന്ന് ജമാഅത്തായി നമസ്കരിക്കാനുള്ള ഏർപാടുകൾ ചെയ്യുന്നു. ദറസുകളും നടക്കുന്നു. ഏതെങ്കിലും ഗ്രന്ഥത്തിന്റേയും ഹദീഥിന്റേയും വിശുദ്ധ ഖുർആന്റേയും ദറസുകളാണ് നടക്കുന്നത്. ഇതുമുഖേന വലിയവരുടെ അറിവിൽ വർധന ഉണ്ടാകുന്നു. കുട്ടികൾക്കും മതപരമായ അറി

വുകൾ ലഭിക്കുന്നു. അല്ലാഹുവിലുള്ള വിശ്വാസവും വർധിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ഫള്‌ലുകൊണ്ട് ഇതിന്നിടയിൽ റമളാനും വന്നു. ആരാധനകളിലേക്കുള്ള ജനങ്ങളുടെ ശ്രദ്ധയിലും മുമ്പേയുള്ളതിനെക്കാൾ കൂടുതൽ വർധന ഉണ്ടായിരിക്കുന്നു. ഇപ്പോൾ റമളാൻ അവസാനിക്കാൻ പോകുകയാണ്. ഒരു പരിധിയോളം വിവിധ ഭരണകൂടങ്ങളും ലോക്ഡൗണിൽ ഇളവുകളുണ്ടാക്കാനും തീരുമാനിച്ചിരിക്കുന്നു. എന്നാൽ, ചില ഭരണകൂടങ്ങൾ ഇളവുകൾ നല്കി കഴിഞ്ഞിട്ടുമുണ്ട്. ഒരു കാര്യം ഞാൻ പറയാനാഗ്രഹിക്കുന്നത് സർക്കാർ മുന്നോട്ടു വെക്കുന്ന എല്ലാ നിബന്ധനകളും അഹ്മദികളെല്ലാവരും പാലിക്കാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, ഏറ്റവും വലിയ കാര്യം, എല്ലാ അഹ്മദികളും മുന്നിൽ വെക്കേണ്ട ഏറ്റവും സുപ്രധാനമായ കാര്യം വ്യാപാരസ്ഥാപനങ്ങൾ നടത്താനുള്ള അനുവാദവും പുറത്തുപോകാനുള്ള ഇളവും റമളാൻ കഴിഞ്ഞുപോയതും ഒരു അഹ്മദിയേയും അല്ലാഹുവിനെ ആരാധിക്കുന്നതും ഏതൊരു നന്മയാണോ അവർ സ്വായത്തമാക്കിയത് അതും അവസാനിച്ചുപോകുന്നതാകാൻ പാടില്ല. അല്ലെങ്കിൽ അവയിൽ കുറവുവരുത്തുന്നതാകാൻ പാടില്ല. എന്നല്ല ആ നന്മകളേയും ജമാഅത്തായിട്ടുള്ള നമസ്കാരങ്ങളേയും മസ്ജിദിൽ പോകുന്നതിന് വിലക്കു നിലനില്ക്കുന്നതുവരെ വീടുകളിൽ തുടർന്നുകൊണ്ടു പോകുക. മസ്ജിദിൽ പോകാനുള്ള അവസരം കിട്ടിക്കഴിയുമ്പോൾ മസ്ജിദിനെ ജനബാഹുല്യമാക്കി നിറുത്തേണ്ടത് മുമ്പേയുള്ളതിനെക്കാളുപരി നിങ്ങളിൽ നിർബന്ധമാക്കുക. സ്ത്രീകൾ വീടുകളിൽ നമസ്കാരത്തിന് പ്രത്യേകം ഏർപ്പാടുണ്ടാക്കുക; അങ്ങനെ കുട്ടികളും അവരുടെ മാതൃക കണ്ടുപഠിക്കാനും അല്ലാഹുവിലുള്ള അവരുടെ വിശ്വാസം സുദൃഢമാകുകയും ചെയ്യുന്നതിന്; കുട്ടികളുടെ മതപരമായ അറിവും ദൈവിക ജ്ഞാനവും വർധിക്കുന്നതിനായി വീടുകളിൽ അല്പസമയം ദർസ് തുടരുക. അതുപോലെതന്നെ എം. ടി. എ യിലെ പരിപാടികൾ കാണുന്നതിലേക്കും ശ്രദ്ധിക്കുക. മുമ്പേയും ഞാൻ ഇതിനെ കുറിച്ച് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്.

അതിനാൽ ലോക്ഡൗണിനുശേഷവും റമളാനുശേഷവും നമ്മളിലാരും ഈ നന്മകളെ മറക്കാൻ പാടില്ല; എന്നല്ല തുടർന്നുകൊണ്ടുപോകേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് തങ്ങളുടെ ഉള്ളിൽ മാറ്റങ്ങളുണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ള ഒരു അഹ്മദിയും ഒരിക്കലും തങ്ങളുടെ പ്രതിജ്ഞ മറക്കാതിരിക്കേണ്ടതാണ്. പ്രയാസങ്ങൾ വരുമ്പോൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവന്റെ അഭയത്തിൽ വരാൻ ശ്രമിക്കുകയും അവനോടു സഹായം തേടുകയും അവനെ വിളിക്കുകയും ആ പ്രയാസങ്ങൾ അകലുമ്പോൾ അല്ലാഹുവിനെ മറക്കുകയും ചെയ്യുന്ന ആളുകളുണ്ട് എന്ന് അല്ലാഹു പറഞ്ഞവരിൽ ഉൾപ്പെടുക എന്നത് ഒരു മുഅ്മിന് ചേർന്നതല്ല.

കൊറോണ വൈറസിന്റെ രോഗം പ്രകൃതിദുരന്തമാണോ അല്ല ദൈവശിക്ഷയാണോ എന്ന അന്വേഷണത്തിലാണ് ഈയിടെയായി ജനങ്ങൾ. ഇത്തരത്തിലുള്ള വിപത്തുകളും പകർച്ചവ്യാധികളും വരുമ്പോൾ മുമ്പേയുള്ളതിനെക്കാളുപരി അല്ലാഹുവിലേക്ക് കുനിയുക എന്നതാണ് ഒരു മുഅ്മിന്റെ ജോലി. ഇതെന്താണ്? എന്നുള്ള അന്വേഷണത്തിൽമാത്രം ഇരിക്കരുത്. ഇക്കാലഘട്ടം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണ്. അതിൽ പൂർത്തിയാവുകയും പൂർത്തിയായിക്കൊണ്ടിരിക്കുകയും ഭാവിയിൽ പൂർത്തിയാകാനിരിക്കുന്നതുമായ ഒരുപാടു വാഗ്ദാനങ്ങൾ അല്ലാഹുവിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ചിട്ടുണ്ട്. ഏതെങ്കിലും വാഗ്ദാനം മുന്നറിയിപ്പ് അടങ്ങുന്നതാണെങ്കിൽ ഏറ്റവുമാദ്യം ഒരു മുഅ്മിന്റെ ജോലി ഭയന്നും പേടിച്ചും ഇരിക്കുകയും തങ്ങളുടെ ഈമാനും ദൃഢവിശ്വാസത്തിനും കരുത്ത് പകരുകയും ചെയ്യുക എന്നതാണ്. ശുഭപര്യവസാനത്തിന് ദുആകൾ ചെയ്യേണ്ടതാണ്. ശുഭപര്യവസാനമുണ്ടാകുക എന്നതാണ് യഥാർഥ കാര്യം. ഇക്കാലത്തു വന്നുകൊണ്ടിരിക്കുന്ന ഈ വിപത്തുകൾക്കും പ്രളയങ്ങൾക്കും ബലാകൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടവുമായി പ്രത്യേക ബന്ധമുണ്ടെന്ന് ഞാൻ പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് നമ്മൾ നമ്മുടെ ഈമാനിനും ദൃഢവിശ്വാസത്തിനും ശുഭപര്യവസാനത്തിനും വേണ്ടിയും ധാരാളം ദുആ ചെയ്യേണ്ടതാണ്. ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ പ്ലേഗ് ദൃഷ്ടാന്തമെന്ന നിലയിൽ വെളിപ്പെടുത്തുമെന്ന കാര്യം വ്യക്തമായും അല്ലാഹു അറിയിച്ചപ്പോൾ അവിടന്ന് അസ്വസ്ഥചിത്തനായി ലോകത്തിനു വേണ്ടി ദുആ ചെയ്തിരുന്നു. അടച്ചിട്ട വാതിലിനുപിന്നിൽനിന്ന് അടുപ്പിൽ തിളച്ചുകൊണ്ടിരിക്കുന്ന വെള്ളംപോലെ ശബ്ദം കേട്ടിരുന്നുവെന്നാണ് അനുഭവസ്ഥർ പറയുന്നത്; അവിടന്ന് മാനവരാശിയെ രക്ഷിക്കാൻവേണ്ടി ആ രീതിയിലാണ് അല്ലാഹുവിനോടു ദുആ ചെയ്തിരുന്നത്.('ഖുദാ തആലാ ദുൻയാ കി ഹിദായത്തു കേലിയെ ഹമേശ നബി മബ്ഊഥ് ഫർമാത്ത് ഹെ', അൻവാറുൽ ഉലൂം വാള്യം 18, പേജ് 514)(രജിസ്റ്റർ രിവായത്ത് (പ്രസിദ്ധീകരിക്കാത്തത്)വാള്യം 7, പേജ് 107, രിവായത്ത് ഹദ്റത്ത് മാസ്റ്റർ മുഹമ്മദ് അല്ലാഹ്ദാദ് സാഹിബ്)

അതിനാൽ അല്ലാഹു അദ്ദേഹത്തോടു അദ്ദേഹത്തിനുള്ള ദൃഷ്ടാന്തമാണ് പ്ലേഗ് എന്ന മഹാമാരി എന്നു പറഞ്ഞിട്ടും മാനവരാശിയോടുള്ള കരുണയും അനുകമ്പയുമാണ് അദ്ദേഹത്തിൽ അതിജയിച്ചുനിന്നത്; ആ മഹാമാരിയിൽനിന്നും പകർച്ചവ്യാധിയിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് അദ്ദേഹം അകമഴിഞ്ഞും വേദനയോടുംകൂടിയും ദുആ ചെയ്യുകയായിരുന്നു. അതിനാൽ നമ്മളും ഈ അവസരത്തിൽ അദ്ദേഹത്തിന്റെ മാതൃക പിൻപറ്റേണ്ടതാണ്.

ചിലർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ 'പ്രകൃതിദുരന്തങ്ങളോ ദൈവിക ശിക്ഷയോ' എന്ന ലേഖനത്തെ ഇപ്പോൾ പടർന്നു പിടിച്ചിട്ടുള്ള കൊറോണാ വൈറസുമായി ബന്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. തങ്ങളുടെ ചർച്ചകളും നിരീക്ഷണങ്ങളും നടത്തുന്നു. വ്യക്തമായും മനസ്സിലാക്കുക ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തിനുശേഷം ദുരന്തങ്ങളും വിപത്തുകളും വർധിച്ചിട്ടുണ്ട്. ഇതെല്ലാം വരുമെന്നും നാശം വിതയ്ക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്പഷ്ടമാക്കിയിട്ടുള്ളതാണ്. അതിൽ ഒരു സംശയവുമില്ല. പക്ഷേ, ഞാൻ എന്റെ കഴിഞ്ഞ ഖുത്ബകളിൽ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്, ഹദ്റത്ത് മസീഹ് മൗഊദ് (അ) 'വിശ്വാസികളായ ചിലയാളുകളും പ്രകൃതി നിയമത്തിന് വിധേയരായി അതിന്റെ പിടിയിൽ അകപ്പെടുന്നു'വെന്നും പറഞ്ഞിരുന്നു. എന്നാൽ, അവരുടെ സ്ഥാനം ശഹീദിന്റേതായിരിക്കും. അവരുടെ പര്യവസാനം ശുഭകരമായിരിക്കും.(മൽഫൂദാത്ത് വാള്യം 9, പേജ് 252)

നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ചും അവരുടെ അന്ത്യം അവരെ ജന്നത്തിൽ കൊണ്ടുപോകുന്നതായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഏതൊരു ജനാസയിൽ പങ്കെടുക്കുന്നവരാണോ ആ ജനാസയെ പ്രകീർത്തിക്കുകയും അയാളുടെ സേവനങ്ങളെ പ്രശംസിക്കുകയും അയാൾ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റിയ ആളാണെന്ന് സാക്ഷി പറയുകയും സ്തുതിക്കുകയും ചെയ്യുന്നത് അയാൾക്ക് സ്വർഗം ഉറപ്പാണ്.'(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ജനാഇസ്, ഹദാഥ് 949)

ഒരുപാടാളുകളെ നമ്മൾ കണ്ടുവരുന്നുണ്ട്, ചിലർ ആത്മാർഥരായ അഹ്മദികളാണ്, അവരെ കുറിച്ച് എല്ലാവരുടേയും അഭിപ്രായം നല്ലതുതന്നെയാണ്. എന്നാൽ, ഈ പ്രകൃതി ദുരന്തങ്ങളുടെ സ്വാധീനം എന്താണെന്നു നോക്കുന്നതിന്, ഈ വിപത്തുകളുടെയെല്ലാം പ്രഭാവം ലൗകികരായിട്ടുള്ളവരെ പൊതുവായി എങ്ങനെ ബാധിച്ചിരിക്കുന്നു എന്ന കാര്യമാണ് നോക്കേണ്ടത്. ലൗകികരുടെ ബോധം നഷ്ടപ്പെട്ടുപോയിരിക്കുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അവരുടെ അവസ്ഥകൾ എന്തായിരിക്കുന്നുവെന്ന് ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടേതുമാത്രമല്ല, മറിച്ച് തങ്ങളെ വൻമലപോലെ ശക്തവാന്മാരായി കരുതിപ്പോന്നിരുന്ന വലിയ വലിയ ഭരണകൂടങ്ങളുടെ, വലിയ വലിയ പർവ്വതങ്ങളുടെ, സർക്കാറുകളുടെ അവസ്ഥ അങ്ങനെയായി കഴിഞ്ഞിരിക്കുന്നു. വൻശക്തരായ ഭരണകൂടങ്ങളുടെ സാമ്പത്തിക വ്യവസ്ഥിതി താറുമാറായിരിക്കുന്നു. അതിന്റെ സ്വാധീനത്തിൽനിന്ന് പൊതുജനങ്ങളുടെ ശ്രദ്ധ തെറ്റിക്കുന്നതിനായി ചെയ്യുന്ന പ്രയത്നങ്ങൾ അതിനെക്കാൾ കൂടുതൽ അപകടകരമാണ്. അത് യുദ്ധത്തിലേക്കും കൂടുതൽ സാമ്പത്തിക തകർച്ചയിലേക്കും തള്ളിവിടുന്നതാണ്. അതുകൊണ്ട് കലഹത്തിന്റെയും കുഴപ്പത്തിന്റേയും അവസ്ഥയെല്ലാം ഒഴിഞ്ഞുപോകുംവിധം തങ്ങളിൽ പരിവർത്തനമുണ്ടാക്കാത്തിടത്തോളം ഇക്കൂട്ടർ തുടരെത്തുടരെയുള്ള തകർച്ചയിലേക്ക് തള്ളിയിടപ്പെടുന്നതായിരിക്കും. ഈയാളുകൾ തങ്ങളുടെ ഉള്ളിൽ കുഴപ്പങ്ങളുടെ അവസ്ഥ അകന്നുപോകുംവിധം മാറ്റമുണ്ടാക്കാത്തിടത്തോളം ഒന്നിനു പിറകെ ഒന്ന് കണക്കെ നാശത്തിൽ സ്വയം മുങ്ങിക്കൊണ്ടേയിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ)ഉം ഇതുതന്നെ പറഞ്ഞിരിക്കുന്നു, മുസ്‌ലിം ആകുക എന്നതും, അല്ലെങ്കിൽ മതപരമായ കുറ്റകൃത്യങ്ങൾ ചെയ്യാതിരിക്കുക എന്നതും മതപരമായ തെറ്റുകൾക്കുള്ള ശിക്ഷ കിട്ടുക എന്നതും അന്ത്യനാളിലായിരിക്കും. അല്ലാഹു ആ നേരത്താണ് അതു നോക്കുന്നത്. എന്നാൽ, കലഹവും കുഴപ്പവും ഉണ്ടാക്കുകയും മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കുകയും അല്ലാഹുവിന്റെ ദാസരെ പരിഹസിക്കുന്നതുമെല്ലാം അസ്വസ്ഥാജനകമായ തകർച്ചയെ ക്ഷണിച്ചു വരുത്തലായിരിക്കും.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19 പേജ് 5)

എന്തായാലും നമ്മുടെ ജോലി ദുആ ചെയ്യുകയും ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുകയും നമ്മുടെ സ്വന്തം അവസ്ഥകളെ ശുദ്ധമാക്കുകയും ചെയ്യുക എന്നതാണ്. ഞാൻ പരാമർശിച്ച ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ലേഖനം സുദീർഘമാണ്. പക്ഷേ, അതു വായിക്കുമ്പോൾ ആദ്യജനതയോടു എന്തുണ്ടായി, അല്ലെങ്കിൽ ഇപ്പോൾ എന്തുണ്ടാകും, അല്ലെങ്കിൽ എന്തുണ്ടായിക്കൊണ്ടിരിക്കുന്നു എന്തൊരു നാശമാണ് തുടങ്ങിയ കാര്യത്തിലേക്കു മാത്രമല്ല എല്ലാ അഹ്മദികളും ശ്രദ്ധ ചെലുത്തേണ്ടത്. തീർച്ചയായും ഇക്കാര്യങ്ങളും ഭയപ്പെടുത്തുന്നതാകേണ്ടതാണ്. സ്വന്തം അവസ്ഥകളിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നതാകേണ്ടതാണ്. എന്നാൽ, യഥാർഥ കാര്യം, അവിടെന്നെഴുതിയിട്ടുള്ള ചിന്താർഹമായ വാക്കുകൾ 'അഹ്മദിയ്യാ ജമാഅത്തിന് അതിൽ മുന്നറിയിപ്പും സുവാർത്തയുമുണ്ട്' എന്നതാണ്.

മുന്നറിയിപ്പ് ഇതാണ്: നമുക്ക് രക്ഷപ്പെടാൻ അഹ്മദിയ്യത്തിന്റെ തലക്കെട്ടു മാത്രം മതിയാകില്ല. മറിച്ച് തഖ്‌വായുടെ നിബന്ധനയും അതോടൊപ്പം ചേർന്നിരിക്കുന്നുണ്ട്. അതുകാരണമായി ജമാഅത്തിൽ സംഭവിച്ചിട്ടുള്ള കർമപരമായ ദൗർബല്യങ്ങൾ അതിവേഗം മെച്ചപ്പെടുത്തുവാൻ ഓരോ അഹ്മദിയും ശ്രമിക്കുക എന്നതാണ് അതിലുള്ള സുവാർത്ത. പറഞ്ഞതിന്റെ ചുരുക്കം ഇതാണ്, ആരാണോ ബയ്അത്തിന്റെ വെറും പേരു ചേർത്തിരിക്കുന്നത്, ഒരു ലേബൽ വെച്ചിരിക്കുന്നത് അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ അധ്യാപനത്തിലേക്ക് മടങ്ങുകയാണെ

ങ്കിൽ രക്ഷയുണ്ട്. അല്ലാഹുവിലേക്കു മടങ്ങുന്നത് തന്നെയാണ് അവർക്കുള്ള രക്ഷ. അല്ലാതെ ഒരു സുവാർത്തയുമില്ല. (ഹാദിഥെ ത്വബയീ യാ അദാബെ ഇലാഹീ പേജ് 121)

അതുകൊണ്ട് ഞാൻ പറഞ്ഞതുപോലെ ഈ ദിനങ്ങളിലുണ്ടായിട്ടുള്ള പ്രത്യേകശ്രദ്ധ എന്നും നിലനിറുത്തുക. സ്വയം ശ്രദ്ധിക്കുന്നതോടൊപ്പം സ്വന്തം കുട്ടികളേയും അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന്റെ ദാസരോടുള്ള കടമകളും നിറവേറ്റുന്നതിലേക്ക് ഉദ്ബോധിപ്പിക്കുക. എന്തുകൊണ്ടെന്നാൽ ലോകത്തിന്റെ തകർച്ചക്കുശേഷം ലോകത്തിന്റെ ദൃഷ്ടി അല്ലാഹുവിലേക്കും അല്ലാഹുവിന്റെ കടമകൾ നിർവ്വഹിക്കുന്നതിലേക്കും തിരിയുമ്പോൾ ജനങ്ങൾ ജമാഅത്തിലേക്കും നോക്കുന്നതായിരിക്കും. പിന്നീട് അഹ്മദികൾത്തന്നെയായിരിക്കും ലോകത്തിന് നല്ല മാർഗനിർദേശങ്ങൾ നൽകുന്നവരാകുക. എന്നാൽ, അതിനു മുമ്പേ നമ്മൾ, ലോകം വെളിച്ചത്തിലേക്കും സമാധാനത്തിലേക്കും തിരിച്ചുവരാൻ കഴിയാത്തവിധം മാർഗങ്ങളടഞ്ഞുപോകുന്ന നിലയിലേക്ക് എത്തുന്ന അവസ്ഥതന്നെ ഉണ്ടാകാതിരിക്കാനായി വേദനയോടെ ദുആ ചെയ്യേണ്ടതാണ്. അതിനുമുമ്പേ തന്നെ ജനങ്ങളുടെ ദൃഷ്ടി ഈ ഭാഗത്തേക്ക് തിരിയുമാറാകട്ടെ. പിന്നീട് നമുക്ക് ദുആകൾ ചെയ്യുന്നതിനോടൊപ്പം സ്വന്തം മാതൃകകളും കാണിക്കേണ്ട ആവശ്യമുണ്ട്; അതായത് പരസ്പരമുള്ള കടമകൾ നിറവേറ്റിക്കൊണ്ടുമാത്രമെ നിങ്ങൾക്ക് അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കാൻ സാധിക്കുകയുള്ളു. ഏകനായ അല്ലാഹുവിന്റെ കരുണ കരസ്ഥമാക്കാതെ ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള നമ്മുടെ ശ്രമം വിജയിക്കുകയില്ല. മരിച്ചതിനുശേഷം പര്യവസാനം നല്ലതായിരിക്കുകയുമില്ല.

അല്ലാഹുവിന്റെ കൃപയാൽ ഈ ദിനങ്ങളിൽ ജമാഅത്തംഗങ്ങളുടെ ശ്രദ്ധ ആരാധനകളിലേക്കുണ്ടായിക്കൊണ്ടിരിക്കുകയാണ്. യുവാക്കളും ആരോഗ്യവാന്മാരായ അൻസ്വാറും ലജ്നയും സൃഷ്ടിസേവന ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധമായും എല്ലായിടത്തുനിന്നും റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. ഈ സൃഷ്ടിസേവനം ചില വഴിതെറ്റിപ്പോയ ആളുകൾക്കും ലൗകികർക്കും സന്മാർഗത്തിനുള്ള നിമിത്തവും ആയിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ ദിവസം കനഡയിലെ റിപ്പോർട്ടുണ്ടായിരുന്നു. ഒരു സ്ത്രീ തന്റെ മകനുവേണ്ടിയുള്ള മരുന്ന് ഒരിടത്തും കിട്ടാതായപ്പോൾ നിരാശയായി രാത്രി രണ്ടുമണിക്ക് ഖുദ്ദാമുൽ അഹ്മദിയ്യാ ഹെൽപ് ലൈനിലേക്ക് വിളിച്ചു. അവർ പറഞ്ഞു, 'എന്റെ നിർബന്ധിതാവസ്ഥയാണ്, എന്റെ മകന് സുഖമില്ല. മരുന്നുകിട്ടാനുള്ള എല്ലാ വഴികളും അടഞ്ഞിരിക്കുകയാണ്. ആരും ഈ സമയത്ത് മരുന്നെടുത്തു തരാൻ തയ്യാറാകുന്നില്ല. നേരം വെളുത്താലല്ലാതെ മരുന്നു ലഭിക്കുകയില്ലെന്നാണ് എല്ലാവരും പറയുന്നത്. കുട്ടിയുടെ അവസ്ഥയാണെങ്കിൽ വളരെ മോശമാണ്.' അവർ പറയുന്നു: 'ദൈവമുണ്ടെന്ന് ആളുകൾ പറയുന്നു. എന്നാൽ, ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നവളല്ല. ഈ അവസരത്തിൽ ഏതായാലുമൊന്നു പരീക്ഷിച്ചു നോക്കാം എന്ന് വിചാരിച്ചു.' അവർ പറയുന്നു: 'ഞാൻ അങ്ങേയറ്റം സങ്കടത്തോടും ഗതിമുട്ടിയ അവസ്ഥയിലും പറഞ്ഞു: 'അല്ലാഹുവേ! നീ ഉണ്ടെങ്കിൽ! ഇപ്പോൾ എന്റെ മകൻ വളരെ മോശം അവസ്ഥയിലാണുള്ളത്. അവന് മരുന്നിനുള്ള ഏർപാടു നീ ചെയ്തുതന്നാലും.' എന്നിട്ട് അവർ പറയുന്നു, 'എനിക്ക് ഖുദ്ദാമിന്റെ ഹെൽപ് ലൈൻ ഓർമവന്നു. ഫോൺ ചെയ്തു. ആരോ ഫോണെടുത്തു. എന്റെ ആവശ്യം അയാളോടു പറഞ്ഞു.' അയാൾ പറഞ്ഞു: 'ശ്രമിക്കുന്നതാണ്.' അല്പം കഴിഞ്ഞ് അയാളുടെ ഫോൺ വന്നു. 'ഇപ്പോൾ രാത്രി 2 മണിയാണ്. മരുന്നുകിട്ടുക വളരെ വിഷമമാണ്.' അയാൾ ചോദിച്ചു: 'നിങ്ങളുടെ മകന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?' ഞാൻ എല്ലാ അവസ്ഥകളും പറഞ്ഞുകൊടുത്തു. വളരെ അസ്വസ്ഥത പ്രകടിപ്പിച്ചു. അയാൾ പറഞ്ഞു: 'ഞാൻ തന്നെ എവിടെയെങ്കിലും പോയി നോക്കാം. ഇന്നയിടത്ത് ഒരു ഫാർമസി തുറക്കാറുണ്ട്. തുറന്നിട്ടുണ്ടെങ്കിൽ മരുന്ന് കൊണ്ടുവരാം. അയാൾ രാത്രി എഴുന്നേറ്റുപോയി. ഞാൻ വിളിച്ചപ്പോൾ അയാൾ നല്ല ഉറക്കത്തിലായിരുന്നു. എന്നിട്ടും അയാൾ 50 കിലോമീറ്റർ യാത്ര ചെയ്തുപോയി മരുന്ന് കൊണ്ടുവന്നു. ആ നിമിഷംമുതലാണ് എനിക്ക് ദൈവത്തിൽ വിശ്വാസമുണ്ടായത്. അഹ്മദിയ്യാ യുവാവു മുഖേനയാണ് ഈ ദൃഢവിശ്വാസം എനിക്ക് കിട്ടിയത്. ഞാൻ അദ്ദേഹത്തിന് നന്ദി പറഞ്ഞുകൊള്ളുന്നു.'

അതിനാൽ ഈ ദിനങ്ങളിൽ മാനവരാശിക്കുവേണ്ടിയുള്ള സേവനം മനുഷ്യരെ അല്ലാഹുവിന്റെ അടുത്ത് കൊണ്ടുവരാനുള്ള മാർഗമായും തീരുന്നു. അതിനുവേണ്ടി നമ്മളെല്ലാവരും നാശം വരുമോ ഇല്ലേ എന്നോർത്ത് നോക്കിക്കൊണ്ടിരിക്കാതെ ശ്രമിക്കുകയാണ് വേണ്ടത്. റമളാനിലാണെങ്കിൽ മറ്റുള്ളവരുടെ ബുദ്ധിമുട്ട് മനസ്സിലാക്കാനുള്ള പാഠവും ലഭിച്ചു. അതും നമ്മൾ തുടർന്നുകൊണ്ടുപോകേണ്ടതാണ്. മറ്റുള്ളവരുടെ വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുക. കാരണം റമളാന്റെ ഉദ്ദേശ്യങ്ങളിലൊന്ന് മറ്റുള്ളവരുടെ വിഷമങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കുക എന്നും കൂടിയുണ്ട്.

അതിനാൽ പൊതുവായ നിലയിൽ പകർച്ചവ്യാധി കാരണത്താലുണ്ടായിട്ടുള്ളതാണ് ലോകത്തിന്റെ ഇപ്പോഴത്തെ അന്തരീക്ഷം. ഈ റമളാന്റെ അന്തരീക്ഷം നമ്മെ എപ്പോഴും നമ്മുടെ ചുമതലയിലേക്ക് ശ്രദ്ധപതിപ്പിക്കുന്നത് ആകേണ്ടതാണ്. റമളാൻ നാളെയോ മറ്റെന്നാളോ പോകുന്നതായിരിക്കും; അവസാനിക്കുന്നതായിരിക്കും. പക്ഷേ, അതിന്റെ നന്മകൾ എപ്പോഴും നമ്മുടെ ഉള്ളിൽ നാം വെക്കേണ്ടതാണ്. നമ്മൾ വരുത്തിയ പരിശുദ്ധ മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ കാത്തുസൂക്ഷിക്കേണ്ടതാണ്. പിന്നീട് ലോക്ഡൗണിൽ ഇളവു വരുമ്പോൾ നമുക്ക് നമ്മോടുള്ള ഉത്തരവാദിത്വവും മാനവരാശിയോടുള്ള നമ്മുടെ ഉത്തരവാദിത്വവും മറക്കാതെ എപ്പോഴും ഓർമവെക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള കടമകളിലേക്കും മനുഷ്യരോടുള്ള കടമകളിലേക്കും ശ്രദ്ധിക്കുന്നതോടൊപ്പം മറ്റുള്ളവരോടു ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുക. നിങ്ങളുടെ പരിശുദ്ധമായ മാതൃകകൾകൊണ്ട് ലോകത്തെ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നവരാക്കാൻ ശ്രമിക്കുക. നമ്മൾ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അധ്യാപനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ പദവിയിലേക്കും നിലവാരത്തിലേക്കും ശ്രദ്ധപതിപ്പിക്കാൻ ശ്രമിക്കാത്തതായ അദ്ദേഹത്തിന്റെ ഒരു മജ്ലിസുമുണ്ടായിരുന്നില്ല.

അതിനാൽ യഥാർഥമായ ഈമാനും ദൃഢവിശ്വാസവും നമുക്കു കരസ്ഥമാകുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ നമ്മൾ എപ്പോഴും അയവിറക്കിക്കൊണ്ടിരിക്കേണ്ടതാണ്. മറ്റുള്ളവരുടെ ദൗർബല്യങ്ങളെ നോക്കുന്നതിനുപകരം നമ്മൾ നമ്മുടെ അവസ്ഥകളിൽ ആത്മപരിശോധന നടത്തുക. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഞാൻ സമർപിക്കുകയാണ്. അവയിൽനിന്ന് അദ്ദേഹം ഏതു പദവിയിലും നിലവാരത്തിലുമാണ് നമ്മെ കാണാനാഗ്രഹിക്കുന്നതെന്ന് നമ്മൾ ചിന്തിക്കേണ്ടതാണ്.

നമ്മുടെ ഈ നിലവാരത്തെ കുറിച്ച് പ്രതിപാദിച്ചുകൊണ്ടു ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "എല്ലാവരും തഹജ്ജുദ് നമസ്കരിക്കാൻ എഴുന്നേൽക്കേണ്ടതാണ്. അഞ്ചുനേര നമസ്കാരങ്ങളിലും ഖുനൂത്ത് ഓതുക. അല്ലാഹുവിനെ വെറുപ്പിക്കുന്ന എല്ലാ കാര്യങ്ങളിൽനിന്നും തൗബ ചെയ്തു മടങ്ങുക. തൗബകൊണ്ടുള്ള ഉദ്ദേശ്യം സകല തിന്മകളും അല്ലാഹുവിന്റെ അനിഷ്ടത്തിന് കാരണമാകുന്ന കാര്യങ്ങളും ഉപേക്ഷിച്ച് ഒരു പരിശുദ്ധ മാറ്റമുണ്ടാക്കുകയും മുന്നോട്ടു ചുവടുവെക്കുകയും തഖ്‌വാ സ്വായത്തമാക്കുകയും ചെയ്യുക എന്നാകുന്നു. അതിലും അല്ലാഹുവിന്റെ കരുണയുണ്ടാകുന്നു." അവിടന്ന് പറയുന്നു: 'മാനുഷികമായ ശീലങ്ങളെ സഭ്യമാക്കുക. കോപം അരുത്. തൽസ്ഥാനത്ത് വിനയവും എളിമയും കൊണ്ടുവരിക. സ്വഭാവങ്ങൾ നന്നാക്കുന്നതിനോടൊപ്പം നിങ്ങളുടെ കഴിവുകളനുസരിച്ച് സ്വദഖകൾ കൊടുക്കുകയും ചെയ്യുക. *യുത്‌യിമൂന ത്ത്വആമ അലാ ഹുബ്ബിഹീ മിസ്ക്കീനൻ വ്യയത്തീമൻ വ്വ അസീറാ(അദ്ദഹ്ർ:9).* അതായത് ദൈവതൃപ്തിക്കുവേണ്ടി അശരണർക്കും അഗതികൾക്കും തടവുകാർക്കും ഭക്ഷണം നല്കുന്നു. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം ഞങ്ങൾ കൊടുക്കുകയുള്ളൂവെന്നും അങ്ങേയറ്റം ഭയാനകമായ നാളിനെ ഭയപ്പെടുന്നുവെന്നും അവർ പറയുന്നു. പറഞ്ഞതിന്റെ ചുരുക്കം ദുആകൊണ്ടും തൗബകൊണ്ടും പ്രവൃത്തിക്കുക എന്നാണ്. അല്ലാഹു തന്റെ ഫള്‌ലുകൊണ്ട് നിങ്ങളോടു പെരുമാറുന്നതിനുവേണ്ടി സ്വദഖകൾ കൊടുത്തുകൊണ്ടിരിക്കുക."(മൽഫൂദാത്ത് വാല്യം 1, പേജ് 208, 1984 ലണ്ടൻപതിപ്പ്)

അല്ലാഹു സ്വാലിഹായിട്ടുള്ളവരെയല്ലാതെ ആരേയും പരിഗണിക്കുകയില്ല. പരസ്പരം സാഹോദര്യവും സ്നേഹവുമുണ്ടാക്കുക. മൃഗീയതയും ഭിന്നിപ്പും ഉപേക്ഷിക്കുക. എല്ലാ ഓരോതരത്തിലുള്ള അവഹേളനത്തിൽനിന്നും പരിഹാസത്തിൽനിന്നും പൂർണമായും പിന്മാറുക. കാരണം പരിഹാസം മനുഷ്യമനസ്സിനെ സത്യത്തിൽനിന്ന് ദൂരത്താക്കി എവിടെയൊക്കെയോ കൊണ്ടെത്തിക്കുന്നു. പരസ്പരം ആദരിക്കുക. ഓരോരുത്തരും സ്വന്തം സൗഖ്യത്തെക്കാളുപരി അന്യന്റെ സൗഖ്യത്തിന് മുൻഗണന നല്കുക. അല്ലാഹുവുമായി സത്യസന്ധമായ ഐക്യമുണ്ടാക്കുക. അവന്റെ അനുസരണത്തിൽ തിരിച്ചുവരിക. അല്ലാഹുവിന്റെ കോപം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ എല്ലാ പാപങ്ങളിൽനിന്നും തൗബചെയ്ത് അവന്റെ തിരുസന്നിധിയിൽ വരുന്നവർ മാത്രമാ

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ahmadiyya Jama-ath Koodali, Kerala.**

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

ണ് അതിൽനിന്ന് രക്ഷപ്പെടുന്നത്

നിങ്ങൾ ഓർമിക്കുക! അല്ലാഹു പറഞ്ഞിട്ടുള്ളത് നടപ്പിൽവരുത്താൻ നിങ്ങൾ നിങ്ങളെ ആക്കുകയും അവന്റെ ദീനിനെ സഹായിക്കുന്നതിന് ശ്രമിക്കുകയുമാണെങ്കിൽ അല്ലാഹു എല്ലാ തടസ്സങ്ങളും നീക്കുന്നതായിരിക്കും. നിങ്ങൾ വിജയംവരിക്കുകയും ചെയ്യും. കർഷകൻ നല്ല സസ്യങ്ങൾക്ക വേണ്ടി ഇടയിൽ മുളച്ചുപൊന്തുന്ന കളകളെ പിഴുതെടുത്തെറിയുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? തന്റെ വയലിനെ മനോഹരമായ വൃക്ഷങ്ങളാലും ഫലം കായ്ക്കുന്ന ചെടികളാലും മോഡിപ്പിടിപ്പിക്കുന്നു. അവയെ സംരക്ഷിക്കുന്നു. എല്ലാത്തരം ദോഷങ്ങളിൽനിന്നും അവയെ രക്ഷിക്കുന്നു. എന്നാൽ, ഫലം കായ്ക്കാത്ത മരങ്ങളും ഉണങ്ങിയ ചെടികളും ഏതെങ്കിലും മൃഗം കയറി നശിപ്പിച്ചാൽ അതിന്റെ ഉടമസ്ഥൻ അത്ര കാര്യമാക്കാറില്ല. അല്ലെങ്കിൽ ഏതെങ്കിലും മരവെട്ടുകാരൻ മുറിച്ച് അടുപ്പിലിട്ടാലും പ്രശ്നമാക്കാറില്ല. അതുപോലെ നിങ്ങളും ഓർമിക്കുക! നിങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സത്യസന്ധരാണെങ്കിൽ ഒരു എതിർപ്പും നിങ്ങൾക്ക് ഒരു ക്ഷതവും വരുത്തുകയില്ല. എന്നാൽ, നിങ്ങളുടെ അവസ്ഥ ശരിയാക്കുകയും അനുസരിക്കുമെന്ന് അല്ലാഹുവിനോടു സത്യമായ പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹു ആരേയും പരിഗണിക്കുകയില്ല.

അവിടന്ന് പറഞ്ഞു:'.......നിങ്ങൾ അല്ലാഹുവിന് പ്രിയപ്പെട്ടവരിൽ അണിചേരുക. പരസ്പരമുള്ള എല്ലാ വഴക്കുകളും കോപവും ശത്രുതയും ഇടയിൽനിന്ന് നീക്കിക്കളയുക. നിങ്ങൾ ചെറിയ ചെറിയ കാര്യങ്ങളിൽനിന്ന് പിന്മാറി സുപ്രധാനവും മഹത്തായതുമായ ജോലികളിൽ വ്യാപൃതരാവേണ്ട സമയമാണിത്. ജനങ്ങൾ നിങ്ങളെ ഏതിർക്കും!' അവിടന്ന് പറഞ്ഞു: 'ആരേയും വകവെക്കരുത്. ഇക്കാര്യം വസ്വിയ്യത്ത് എന്ന നിലയിൽ ഓർത്തുകൊണ്ടിരിക്കുക. ഒരിക്കലും ദ്വേഷത്തോടും കോപത്തോടും പ്രവൃത്തിക്കരുത്.' ജനങ്ങൾ എതിർക്കുന്നതായിരിക്കും. പക്ഷേ, നിങ്ങളൊരിക്കലും കോപത്തോടെ പ്രവർത്തിക്കരുത്. 'പ്രത്യുത മൃദുഭാവത്തോടും സാവധാനത്തോടും സൽസ്വഭാവത്തോടുംകൂടി എല്ലാ ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കുക.'(മൽഫൂദാത്ത് വാള്യം 1, പേജ് 266–268, 1984 ലണ്ടൻ പതിപ്പ്)

നമ്മുടെ ധാർമികാവസ്ഥകൾ നന്നാക്കണമെന്നും അല്ലാഹുവിന്റെ ദാസരോടുള്ള കടമകൾ നിർവഹിക്കണമെന്നും ഉപദേശിച്ചുകൊണ്ട് ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: 'ഒരു ഹദീഥിൽ വന്നിരിക്കുന്നു. ഖിയാമത്തുനാൾ അല്ലാഹു ചിലയാളുകളോടു പറയും. നിങ്ങൾ വലിയ മഹാന്മാരാണ്. ഞാൻ അതിൽ വളരെ സന്തോഷിക്കുന്നു. കാരണം ഞാൻ വിശപ്പുള്ളവനായിരുന്നു. നിങ്ങൾ എനിക്ക് ആഹാരം തന്നു. ഞാൻ നഗ്നനായിരുന്നു. നിങ്ങളെനിക്ക് വസ്ത്രം തന്നു. എനിക്കു ദാഹമുണ്ടായിരുന്നു. നിങ്ങളെനിക്ക് കുടിക്കാൻ വെള്ളംതന്നു. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്റെ വിവരം അന്വേഷിക്കാൻ എൻയടുത്തുവന്നു. അവൻ പറയും: അല്ലാഹുവേ! നീ ഇക്കാര്യങ്ങളിൽനിന്ന് സംശുദ്ധനാണ്. ഞാൻ അങ്ങനെ നിന്നോടു പെരുമാറാൻ നീ എപ്പോഴാണ് അങ്ങനെയായത്? അപ്പോൾ അല്ലാഹു പറയും: എന്റെ ഇന്ന ഇന്ന ദാസർ അങ്ങനെയുള്ളവരായിരുന്നു. നീ അവരെ നല്ലവണ്ണം നോക്കി. അത് എന്നോടു ചെയ്തതുപോലെയാണ്! പിന്നീട് വേറൊരു സംഘത്തെ ഹാജരാക്കും. അവരോടു പറയും നിങ്ങളെന്നോടു വളരെ മോശമായി പെരുമാറി. ഞാൻ വിശക്കുന്നവനായിരുന്നു. നിങ്ങൾ എനിക്ക് ആഹാരം തന്നില്ല. എനിക്കു ദാഹമുണ്ടായിരുന്നു, നിങ്ങൾ എനിക്ക് കുടിക്കാൻ വെള്ളം തന്നില്ല. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എനിക്ക് വസ്ത്രം തന്നില്ല. ഞാൻ രോഗിയായിരുന്നു. എന്റെ വിവരം അറിയാൻ നിങ്ങൾ എന്റെ അടുത്തു വന്നില്ല. അപ്പോൾ അവൻ പറയും: അല്ലാഹുവേ നീ ഇക്കാര്യങ്ങളിൽനിന്ന് സംശുദ്ധനാണല്ലോ. ഞാൻ അങ്ങനെ പെരുമാറാൻ നീ എപ്പോഴാണ് അങ്ങനെയായത്? അപ്പോൾ അല്ലാഹു പറയും: എന്റെ ഇന്ന ഇന്ന ദാസന്മാർ അങ്ങനെയായിരുന്നു. നിങ്ങൾ അവരെ നോക്കിയില്ല. നിങ്ങൾ അവരോടു ഒരു സഹതാപവും അനുകമ്പയും കാണിച്ചില്ല. അത് എന്നോടു ചെയ്തതുപോലെയാണ്."

ഇവിടെ മുസ്‌ലിമാകണം ഹിന്ദുവാകണം ക്രിസ്ത്യാനിയാകണം എന്ന നിബന്ധനയൊന്നുമില്ല. അവിടന്ന് പറഞ്ഞു: ചുരുക്കിപ്പറഞ്ഞാൽ മനുഷ്യകുലത്തോടു അനുകമ്പയോടും സഹതാപത്തോടുംകൂടി പെരുമാറുക എന്നത് വളരെ വലിയ ഇബാദത്താണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ഇതൊരു പ്രബലമായ വഴിയാണ്. എന്നാൽ, ഈ ഭാഗത്തും വലിയ ദൗർബല്യമാണ് ഞാൻ കാണുന്നത്. മറ്റുള്ളവരെ താണവരായി കാണുന്നു. പരിഹസിക്കുന്നു. അവരെ സംരക്ഷിക്കുക, ഏതെങ്കിലും വിപത്തുകളുണ്ടാകുമ്പോൾ സഹായിക്കുക വലിയ കാര്യമാണ്. ദരിദ്രരോടു നല്ലരീതിയിൽ പെരുമാറാത്തവൻ എന്നല്ല, അവരെ താണവരായി മനസ്സിലാക്കുന്നവൻ സ്വയം ഈ മുസീബത്തിൽ അകപ്പെടുമോ എന്ന് എനിക്കു ഭയമുണ്ട്. അല്ലാഹു ആരിലാണോ ഫള്ൽ ചെയ്തത് അതിനുള്ള നന്ദിയെന്നത് അവന്റെ സൃഷ്ടികളോടു നന്മയോടുകൂടി പെരുമാറുക എന്നതാണ്. ആ ദൈവദത്തമായ അനുഗ്രഹത്തിൽ അഹങ്കരിക്കാതിരിക്കുക. മൃഗങ്ങളെപോലെ ദരിദ്രരെ ചവിട്ടി മെതിക്കരുത്.'(മൽഫൂദാത്ത് വാള്യം 1, പേജ് 102–103, 1984 ലണ്ടൻ പതിപ്പ്)

ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "യഥാർഥ കാര്യം ഏറ്റവും ബുദ്ധിമുട്ടുള്ളതും അതിസൂക്ഷ്മവുമായ ഘട്ടം മനുഷ്യരോടുള്ള കടമകളുടേതാണ്. കാരണം എപ്പോഴും അവരുമായി സമ്പർക്കമുണ്ടാകുന്നു. ഈ പരീക്ഷണം എപ്പോഴും മുമ്പിലിരിക്കുന്നു. ഈ ഘട്ടത്തിൽ വളരെയധികം ജാഗരൂകരായി ചുവടു വെക്കേണ്ടതാണ്. ശത്രുവിനോടുപോലും അതിരുവിട്ട നിലയിൽ കാഠിന്യം കാണിക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. ചിലർ ആഗ്രഹിക്കുന്നത് കഴിയുന്നിടത്തോളം അവരെ തകർക്കാനും നശിപ്പിക്കാനും ശ്രമിക്കണമെന്നാണ്. പിന്നീട് അവർ ഈ ചിന്തയിൽ അനുവദനീയവും അല്ലാത്തതുമായ കാര്യങ്ങളും വകവെക്കുന്നില്ല. അവർക്ക് ചീത്തപേരുണ്ടാക്കുന്നതിന് അപരാധങ്ങൾ പറഞ്ഞു പരത്തുന്നു. കെട്ടിച്ചമച്ചു പറയുന്നു. അവരെക്കുറിച്ച് പരദൂഷണം പറയുന്നു. മറ്റുള്ളവരെ അവർക്കെതിരിൽ ഇളക്കിവിടുന്നു. ഇനി പറയുക, നിസാരമായ ശത്രുതകൊണ്ട് എത്രമാത്രം തിന്മകളുടേയും ദോഷങ്ങളുടേയും അനന്തരാവകാശിയായി. പിന്നീട് ഈ തിന്മകൾ അവയുടെ കുഞ്ഞുങ്ങളെ പ്രസവിച്ചാൽ എവിടെവരെയായിരിക്കും കാര്യങ്ങൾ ചെന്നെത്തുക!

ഇതാണ് ഇക്കാലത്ത് ലോകത്തുണ്ടായികൊണ്ടിരിക്കുന്നത്. വ്യക്തിപരമായ നിലയിലും സാമൂഹികപരമായനിലയിലും ദേശീയവും ഭരണപരവുമായ നിലയിലും നാം ഇത് കണ്ടുകൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ സത്യമായും പറയുന്നു: നിങ്ങളാരേയും നിങ്ങളുടെ വ്യക്തിപരമായ ശത്രുവായി മനസ്സിലാക്കരുത്. ഈ പകയുടേയും വിദ്വേഷത്തിന്റേയും അവസ്ഥ പാടെ ഉപേക്ഷിക്കുക. അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകുകയും നിങ്ങൾ അല്ലാഹുവിന്റേതായി മാറുകയും ചെയ്താൽ ശത്രുക്കളേയും നിങ്ങളുടെ സേവകരിൽ പ്രവേശിപ്പിക്കാൻ കഴിയും. പക്ഷേ, നിങ്ങൾ അല്ലാഹുവിനോടുതന്നെ ബന്ധം വിച്ഛേദിച്ചിരിക്കുകയും അവനുമായി ഒരു ബന്ധവും അവശേഷിക്കാതിരിക്കുകയും അവന്റെ ഇഷ്ടത്തിനു വിരുദ്ധമായി നിങ്ങൾ നടക്കുകയുമാണെങ്കിൽ പിന്നെ അല്ലാഹുവിനെക്കാൾ നിങ്ങളുടെ ശത്രു വേറെ ആരായിരിക്കും? സൃഷ്ടികളുടെ ശത്രുതയിൽനിന്ന് മനുഷ്യന് രക്ഷപ്പെടാൻ സാധിക്കും. പക്ഷേ, അല്ലാഹു ശത്രുവാകുകയാണെങ്കിൽ പിന്നെ സൃഷ്ടികളെല്ലാം സുഹൃത്തുക്കളായാലും ഒന്നും നടക്കുകയില്ല. അതുകൊണ്ട് നിങ്ങളുടെ മാർഗം പ്രവാചകന്മാരുടെ മാർഗമായിരിക്കണം. വ്യക്തിപരമായി ആരും ശത്രുവായിട്ടുണ്ടാകരുതെന്ന് അല്ലാഹു ഇച്ഛിക്കുന്നു.

നല്ലവണ്ണം ഓർക്കുക. മനുഷ്യന് മേന്മയും ഭാഗ്യവും ലഭിക്കുന്നത് അവൻ വ്യക്തിപരമായ നിലയിൽ ആരുടേയും ശത്രുവാകാതിരിക്കുമ്പോഴാണ്. അതേ! അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും അഭിമാനത്തിന്റെ പ്രശ്നം വരുമ്പോൾ അത് മറ്റൊരു കാര്യമാണ്! അതായത് ആരാണോ അല്ലാഹുവിനേയും റസൂലിനേയും ആദരിക്കാത്തത് പ്രത്യുത അവരുടെ ശത്രുവാകുന്നത് അവനെ നിങ്ങൾ നിങ്ങളുടെ ശത്രുവായി മനസ്സിലാക്കുക." പക്ഷേ, ഈ ശത്രുത മനസ്സിലാക്കുന്നതിനും വിശദീകരിച്ചു: 'ആ ശത്രുത മനസ്സിലാക്കുന്നതിന്റെ അർഥം നിങ്ങൾ അവരുടെമേൽ ഇല്ലാത്തത് കെട്ടിച്ചമച്ചു പറയുക എന്നതല്ല. അകാരണമായി അയാളെ വിഷമിപ്പിക്കാൻ പദ്ധതി ഉണ്ടാക്കുക എന്നതല്ല.പ്രത്യുത അവനിൽനിന്ന് അകലുക എന്നതാണ്. അവന്റെ കാര്യം അല്ലാഹുവിൽ വിടുക. സാധ്യമെങ്കിൽ അവന്റെ പരിഷ്കരണത്തിന് ദുആ ചെയ്യുക. നിങ്ങളുടേതായി ഒന്നും അതിനോടൊപ്പം തുടങ്ങാതിരിക്കുക.'(മൽഫൂദാത്ത് വാള്യം 8, പേജ് 104–105 1984 ലണ്ടൻ പതിപ്പ്)

പിന്നീട് ധാർമികമായ നിലവാരത്തിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:'ധാർമികമായ അവസ്ഥ എത്രമാത്രം ശരിയാകണമെന്നാൽ, സദുദ്ദേശ്യത്തോടെ ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നതും തെറ്റു പറഞ്ഞുകൊടുക്കുന്നതും അയാൾ ഇഷ്ടപ്പെടാത്ത നേരത്താകരുത്. ആരേയും നിന്ദാദൃഷ്ടിയോടെ നോക്കരുത്. ആരുടേയും ഹൃദയം വ്രണപ്പെടുത്തരുത്. ജമാഅത്തിൽ പരസ്പരം വഴക്കും കലഹവും ഉണ്ടാക്കരുത്. ദരിദ്രനായ ദീനീ സഹോദരനെ നിന്ദാദൃഷ്ടിയോടെ നോക്കരുത്. ധനത്തിലും സമ്പത്തിലും അല്ലെങ്കിൽ കുടുംബപരമായി കിട്ടിയ മഹത്ത്വത്തിൽ അനാവശ്യമായി അഹങ്കരിച്ച് മറ്റുള്ളവരെ നിന്ദ്യരും താണവരുമായി

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

മനസ്സിലാക്കരുത്. അല്ലാഹുവിന്റെ പക്കൽ ആദരണീയൻ മുത്തഖിയാണ്. അവൻ പറഞ്ഞു: *ഇന്ന അക്റമക്കും യിൻദല്ലാഹി അത്ഖാക്കും (അൽഹുജുറാത്ത്:14).* മറ്റുള്ളവരോടും നല്ല സ്വഭാവത്തോടെ പെരുമാറേണ്ടതാണ്. ദുഃസ്സ്വഭാവത്തിന്റെ മാതൃക നല്ലതല്ല. നമ്മുടെ ജമാഅത്തിനെ കേസുകളിൽ കുടുക്കാനുള്ള തന്ത്രങ്ങളാണ് ആളുകൾ അന്വേഷിക്കുന്നത്. ജനങ്ങൾക്ക് ഇതൊരു പ്ലേഗാണ്. നമ്മുടെ ജമാഅത്തിനുള്ളത് രണ്ടുപ്ലേഗാണ്. ജമാഅത്തിലുള്ള ഒരാൾ എന്തെങ്കിലും തിന്മ ചെയ്താൽ അയാളെക്കൊണ്ടു ജമാഅത്തിനു മുഴുവൻ ചീത്തപ്പേരുണ്ടാകും. ബുദ്ധികൂർമതയുടേയും സഹിഷ്ണുതയുടേയും വിട്ടുവീഴ്ചയുടേയും കഴിവുകൾ വർധിപ്പിക്കുക. അജ്ഞന് അജ്ഞതയ്ക്കുള്ള മറുപടിയും മര്യാദയോടും സമാധാനത്തോടും കൊടുക്കുക. വിവരക്കേടിനുള്ള മറുപടി വിവരക്കേടാകരുത്.' അവിടന്ന് പറഞ്ഞു:'....ഈ പരീക്ഷണങ്ങളുടെ കാലഘട്ടത്തിൽ സ്വന്തം ശരീരേച്ഛയെ വധിച്ച് തഖ്‌വാ സ്വായത്തമാക്കുക എന്നത് ഉചിതാണ്. ഞാനിപ്പറഞ്ഞതിന്റെ ഉദ്ദേശ്യം നിങ്ങൾ ഉപദേശവും ഗുണപാഠവും സ്വീകരിക്കുക എന്നാണ്. ലോകം നശ്വര സ്ഥലമാണ്. അവസാനം മരിക്കണം. ദീനീകാര്യങ്ങളിലാണ് സന്തോഷമുള്ളത്. യഥാർഥ ഉദ്ദേശ്യം ദീൻതന്നെയാണ്.'(മൽഫൂദാത്ത് വാള്യം 1, പേജ് 208–209)

പിന്നീട് ഒരു അവസരത്തിൽ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ ജമാഅത്ത് വെറും വാക്കുകളിൽ പിടിച്ചുതൂങ്ങി ഇരിക്കുന്നവരാകരുത്. പ്രത്യുത ബയ്അത്തിന്റെ സത്യമായ തേട്ടം പൂർത്തിയാക്കുന്നവരാകണം. ആന്തരികമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. വെറും മസ്അലകൾകൊണ്ടു നിങ്ങൾക്ക് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ കഴിയുകയില്ല.' മസ്അലകൾ അറിഞ്ഞു എന്നതിൽ അല്ലാഹു സന്തോഷിക്കുകയില്ല. ആന്തരികമായി മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ നിങ്ങളും അന്യരുംതമ്മിൽ വ്യത്യാസമൊന്നുമില്ല. നിങ്ങളിൽ കുതന്ത്രവും ചതിയും മടിയും അലസതയും ഉണ്ടെങ്കിൽ മറ്റവരെക്കാൾ മുമ്പേ നിങ്ങൾ നശിപ്പിക്കപ്പെടുന്നതായിരിക്കും. ഓരോരുത്തരും അവരവരുടെ ഭാരം വഹിക്കേണ്ടതാണ്. സ്വന്തം വാഗ്ദാനങ്ങൾ പൂർത്തിയാക്കുക. പ്രായത്തെ വിശ്വസിച്ചുകൂടാ.' അവിടന്ന് പറഞ്ഞു:'......ആരാണോ കാലേകൂട്ടി നന്മകൾ ചെയ്യുന്നത് അവൻ പരിശുദ്ധനാകുമെന്ന പ്രതീക്ഷയുണ്ട്. ആത്മാവിന്റെ മാറ്റത്തിന്റെ കാര്യത്തിൽ നിങ്ങൾ ശ്രമിക്കുക. നമസ്കാരത്തിൽ ദുആകൾ ചെയ്യുക. ദാനധർമങ്ങൾ കൊടുക്കുക. മറ്റുള്ള എല്ലാ കുതന്ത്രങ്ങളിൽനിന്നും *വല്ലദീന ജാഹദൂ ഫീനാ(29:70)* എന്നതിൽ ചേരുക. രോഗി ഡോക്ടറുടെ അടുക്കൽ പോകുകയും മരുന്നു കഴിക്കുകയും രക്തം പരിശോധിക്കുകയും രക്തം എടുപ്പിക്കുകയും അങ്ങനെ രോഗം മാറുന്നതിനുള്ള എല്ലാ ഉപായങ്ങളും സ്വീകരിക്കുകയും ചെയ്യുന്നതുപോലെ നിങ്ങളുടെ ആത്മീയരോഗങ്ങളെ അകറ്റുന്നതിന് എല്ലാ പരിശോധനകളും നടത്തുക. നാവുകൊണ്ടുമാത്രമല്ല. മറിച്ച് മുജാഹദ(ശരീരേച്ഛയുമായുള്ള പോരാട്ടം)യ്ക്കുള്ള എന്തെല്ലാം മാർഗങ്ങളാണോ അല്ലാഹു പറഞ്ഞിട്ടുള്ളത് അതെല്ലാം ചെയ്യുക. ദാനധർമങ്ങൾ കൊടുക്കുക. വനങ്ങളിൽപോയി ദുആകൾ ചെയ്യുക.' അവിടന്ന് പറഞ്ഞു:'..........അല്ലാഹു ഉപായങ്ങൾ സ്വീകരിക്കുന്നവനെ ഇഷ്ടപ്പെടുന്നു. മനുഷ്യൻ കാര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞാൽ എന്തെങ്കിലുമൊക്കെ ദൃഷ്ടാന്തങ്ങളും ഉണ്ടാകുന്നു.'(മൽഫൂദാത്ത് വാള്യം 1, പേജ് 188–189, 1984 ലണ്ടൻ പതിപ്പ്)

അതായത് അടയാളങ്ങളുമുണ്ടാകുന്നു. ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ പാക്കിസ്താനിലും ചിലരാജ്യങ്ങളിലും അഹ്മദികൾക്കെതിരെ ഒരു തിളപ്പുണ്ടായിരിക്കുകയാണ്. അല്ലാഹുവിന്റെ കൃപയും കരുണയും ആകർഷിക്കുന്നതിന് നമുക്ക് എല്ലാ തരത്തിലുള്ള ഉപായങ്ങളും നടത്താൻ ശ്രമിക്കേണ്ടതാണ്.

ഇപ്രകാരംതന്നെ ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും അവിടത്തെ ജീവിതമാതൃകയുടെ യാഥാർഥ്യവും നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കിത്തന്നു. ഈ ഉൽകൃഷ്ടമായ സ്വഭാവങ്ങളും അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകളുടെ നിർവഹണവുമെല്ലാം നബി(സ)തിരുമേനിയുടെ ജീവിതമാതൃകയിൽ നടന്നെങ്കിൽമാത്രമെ സാധ്യമാകുകയുള്ളു. നബി(സ)തിരുമേനിയുടെ വഴി കൈവിടരുതെന്നാണ് നമ്മളോടു ആവർത്തിച്ച് പറഞ്ഞിട്ടുള്ളത്. ഇതു സംബന്ധമായി ഉപദേശിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു: "ഞാനിതും നിങ്ങൾക്കു പറഞ്ഞുതരാം. തങ്ങൾ സ്വയം മെനഞ്ഞെടുത്ത സ്തോത്രവും ജപവും കൊണ്ട് അതിശ്രേഷ്ഠമായ അക്കാര്യങ്ങൾ കരസ്ഥമാക്കാനാഗ്രിഹിക്കുന്ന ധാരാളമാളുകളുണ്ട്. അല്ലെങ്കിൽ അതുമുഖേന അല്ലാഹുവിനോടു സത്യമായ ബന്ധമുണ്ടാക്കാനാഗ്രഹിക്കുന്നു. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നു: ഏതൊരു മാർഗമാണോ നബി(സ)തിരുമേനി സ്വീകരിച്ചത് അത് നിരർഥമാണോ? അനുഗൃഹീതരായവരുടെ വഴി നബി(സ)തിരുമേനിയെക്കാൾ അനുഭവേദ്യമായിട്ടുള്ളത് മറ്റാർക്കാണ്? ആ മഹാത്മാവിൽ നുബുവ്വത്തിന്റെ സകല ശ്രേഷ്ഠതകളും അവസാനിച്ചു. അവിടന്ന് സ്വീകരിച്ച മാർഗം വളരെ ശരിയും എറ്റവും അടുത്തതുമാണ്. ആ വഴി വിട്ടുകൊണ്ട് മറ്റു വഴി കണ്ടുപിടിക്കുന്നത് –അത് ബാഹ്യമായി എത്ര മനോഹരമായി മനസ്സിലായാലും എന്റെ അഭിപ്രായത്തിൽ നാശമാണ്. അല്ലാഹു എന്നിൽ ഇതുതന്നെയാണ് പ്രകടമാക്കിയിട്ടുള്ളത്.' (മൽഫൂദാത്ത് വാള്യം 1, പേജ് 355, 1984 ലണ്ടൻ പതിപ്പ്)

നബി(സ)തിരുമേനിയിൽനിന്ന് ജനങ്ങളെ വേർപെടുത്തുന്നവരുടെ അവസ്ഥ ഇതാണ് നമുക്ക് കാണാൻ കഴിയുന്നത്. പീർമാരുടേയും ഫഖീർമാരുടേയും നാമമാത്ര ഉലമാഇന്റേയും തെറ്റായ വ്യാഖ്യാനങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങളെ കുറച്ചൊന്നുമല്ല തകർത്തത്. എന്നിട്ടും തങ്ങളെ യഥാർഥ മുസ്‌ലിമീങ്ങളെന്ന് പറയുന്നു; നമ്മെ ഇസ്‌ലാമിൽനിന്ന് പുറത്താക്കുകയും ചെയ്യുന്നു. പിന്നീട് ഈ മുഹമ്മദീ സ്ഥാനത്തെ കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയെ സത്യസന്ധമായി അനുധാവനം ചെയ്യുമ്പോൾ അല്ലാഹുവിനെ കിട്ടുന്നു. അവിടത്തെ അനുധാവനം ഉപേക്ഷിച്ച് ജീവിതം മുഴുവൻ തലകുത്തിമറിഞ്ഞാലും 'ലക്ഷ്യങ്ങളുടെ മുത്ത്' അവന്റെ കൈയിൽ വരികയില്ല. ഫാർസി കവിയായ സഅ്ദിയും നബി(സ)തിരുമേനിയെ അനുധാവനം ചെയ്യേണ്ടതിന്റെ ആവശ്യകത ഈ വാക്കുകളിൽ പറഞ്ഞു:

*ബസുഹ്ദ് വ വർഅകോശ് വ സിദ്ഖ് വ സഫാ*
*വ ലേക്കിൻ മീഫസായെ ബർ മുസ്തഫാ*

ഭൗതികതയിൽനിന്ന് പിന്മാറാനും ദോഷങ്ങളിൽനിന്ന് അകന്നു നിൽക്കാനും സത്യസന്ധതയ്ക്കും നേരിനുംവേണ്ടി തീർച്ചയായും ശ്രമിച്ചുകൊള്ളുക;എന്നാൽ, മുസ്തഫാ പറഞ്ഞുതന്നിട്ടുള്ള കാര്യത്തെ കവച്ചുവെക്കരുത്!

'നബി(സ)തിരുമേനിയുടെ വഴി ഒരിക്കലും ഉപേക്ഷിക്കരുത്. ആളുകൾ പലതരത്തിലുള്ള ജപവും സ്തോത്രവും ഉണ്ടാക്കിവെച്ചിട്ടുള്ളതായി നാം കാണുന്നു. അവർ തലകീഴായി കിടക്കുന്നു! യോഗികളെപ്പോലെ സന്യാസം സ്വീകരിക്കുന്നു! പക്ഷേ, ഇതെല്ലാം വ്യർഥമാണ്. പ്രവാചകന്മാരുടെ സുന്നത്തല്ല ഇത്; തലകീഴായി കിടക്കുക, 'അർറ' ദിക്ർ ചൊല്ലുക! നബി(സ) തിരുമേനിയെ അതുകൊണ്ടാണ് ഉത്തമമാതൃക എന്നു പറഞ്ഞത്. *ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ.(33:22)* (മൽഫൂദാത്ത് വാള്യം 1, പേജ് 368, 1984 ലണ്ടൻ പതിപ്പ്)

അനുഗൃഹീതരായവരിലുള്ള ശ്രേഷ്ഠതകളും *സ്വിറാത്തല്ലദീന അൻഅംത അലയ്ഹിം* എന്നതിൽ ഏതൊന്നിലേക്കാണോ അല്ലാഹു സൂചന നല്കിയിട്ടുള്ളത് അതും കരസ്ഥമാക്കുക എല്ലാവരുടേയും ലക്ഷ്യമാണ്. നമ്മുടെ ജമാഅത്ത് പ്രത്യേകമയും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. കാരണം ഈ ജമാഅത്തു സ്ഥാപിച്ചുകൊണ്ട് അല്ലാഹു ആഗ്രഹിച്ചത് അതാണ്; നബി(സ)തിരുമേനി തയ്യാറാക്കിയിരുന്നതുപോലുള്ള ജമാഅത്ത് തയ്യാറാക്കുക. ആ ജമാഅത്ത് അവസാന കാലത്ത് വിശുദ്ധ ഖുർആന്റേയും നബി(സ)തിരുമേനിയുടേയും സത്യസന്ധതയുടേയും മഹത്ത്വത്തിന്റേയുംമേൽ സാക്ഷിയാകുന്നതിന്!'(മൽഫൂദാത്ത് വാള്യം 1, പേജ് 356, 1984 ലണ്ടൻ പതിപ്പ്)

ചുരുക്കത്തിൽ, നബി(സ)തിരുമേനിയുടെ സത്യദാസനെ ബയ്അത്തു ചെയ്തുകൊണ്ട് തിരുനബി(സ)യുടെ യഥാർഥ അനുയായികളിൽ നമ്മൾ ഉൾപ്പെട്ടിരിക്കുന്നു. നബി(സ)തിരുമേനിയുടെ സത്യസേവകന്റെ ബയ്അത്തിൽ വന്ന് നബി(സ)തിരുമേനിയുടെ യഥാർഥ അനുയായികളിൽ ഉൾപ്പെടുകയും നബി(സ)തിരുമേനിയുടെ ജീവിതമാതൃകയെ നമ്മുടെ സകല കഴിവുകളോടുംകൂടി സ്വായത്തമാക്കാൻ ശ്രമിക്കുകയും അവിടത്തെ മാതൃകയും അവിടത്തെ കല്പനയുമനുസരിച്ച് കർമങ്ങൾ ചെയ്ത് അനുഗൃഹീതരായവരുടെ സംഘത്തിൽ ചേരുകയും ചെയ്യുന്നതിലാണ് നമുക്ക് ശാശ്വതമായ ജീവിതമുള്ളത്. അല്ലാഹുവിന്റെ കോപം പിടിച്ചുപറ്റുകയും വഴിപിഴച്ചുപോകുകയും ചെയ്ത സംഘത്തിന്റെ ദുഃസ്സ്വാധീനങ്ങളിൽനിന്ന് എപ്പോഴും രക്ഷപ്പെട്ടിരിക്കേണ്ടതാണ്. സ്വന്തം നമസ്കാരങ്ങളിൽ അഭിരുചിയും താൽപര്യവും ഉണ്ടാക്കിയെടുക്കുന്നവരാകണം. എല്ലായിപ്പോഴും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളിലൂടെ ചലിച്ചുകൊണ്ട് ജീവിതം കഴിച്ചുകൂട്ടുന്നവരാകണം.

അസീറാനെ രാഹെ മൗലാ അഥവാ അല്ലാഹുവിന്റെ മാർഗത്തിൽ തടവിലാക്കപ്പെട്ടവർക്കുവേണ്ടിയും ദുആ ചെയ്യുക. ചില അസീറാന്മാരുടെമേൽ അക്രമപരമായ നിലയിൽകഠിനമായി വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. അവർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. കഴിഞ്ഞ ദിവസം ഒരു അഹ്മദീ സ്ത്രീ റമളാൻ സാഹിബായെ പ്രവാചകനിന്ദാ കുറ്റം ചുമത്തി ജയിലിലിലിട്ടു. ഈ കുടുംബം


## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ഏകദേശം 2002ലാണ് ബയ്അത്തു ചെയ്തത്. അവരുടെ ഭർത്താവ് എനിക്കെഴുതി: ഞങ്ങൾ ത്യാഗങ്ങളെ ഭയപ്പെടുന്നില്ല. ജയിലിൽ പോകുന്നതുകൊണ്ട് വിഷമവുമില്ല. എന്റെ ഭാര്യയ്ക്കും എനിക്കുമുള്ള ഒരേയൊരു വിഷമം ഏതൊരു റസൂൽ(സ)ന്റെ അന്തസിനും അഭിമാനത്തിനുംവേണ്ടിയാണോ ഞങ്ങൾ മരിക്കാൻ തയ്യാറായിട്ടുള്ളത് ആ റസൂലിനെ ഞങ്ങൾ അപമാനിച്ചുവെന്നുള്ള ആരോപണം ഞങ്ങളിൽ ചുമത്തി എന്നതിലാണ്. അതിൽ ഞങ്ങൾക്കു വിഷമമുണ്ട്. അതിനാൽ അവർക്കുവേണ്ടിയും ഈ ആക്ഷേപത്തിന്റെ പേരിൽ വധശിക്ഷ വിധിക്കപ്പെട്ടിട്ടുള്ളവർക്കു വേണ്ടിയും എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു ഇവരെയെല്ലാം അത്ഭുതകരമായ നിലയിൽ മോചിപ്പിക്കുമാറാകട്ടെ. അവന്റെ കരുണ ചൊരിയുമാറാകട്ടെ. നീതിപീഠത്തിനും സർക്കാരിനും നീതിയിൽ നിലകൊള്ളാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റേയും റസൂലിന്റേയും പേരെടുക്കുമ്പോൾ അല്ലാഹുവിനോടും റസൂലിനടുമുള്ള യഥാർഥ ഭയവും സ്നേഹവും അവരിൽ ഉണ്ടാകുമാറാകട്ടെ. നബി(സ)തിരുമേനിയുടെ ജീവിത മാതൃക അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകട്ടെ.

ഇതിനുപുറമെയും ഞാൻ ചില ദുആകളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം തിരിച്ചറിയുവാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിനോടും അവന്റെ റസൂലായ ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദ് (സ)നോടുമുള്ള നമ്മുടെ സ്നേഹം മറ്റെല്ലാ സ്നേഹത്തെയും അതിജയിക്കുന്നതാകട്ടെ. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നവരാകട്ടെ. നമ്മുടെ വീടുകൾ പ്രീതിയുടേയും സ്നേഹത്തിന്റേയും മാതൃകകളാകട്ടെ. മാതാപിതാക്കൾക്കിടയിലുള്ള വഴക്കുകൾകൊണ്ട് പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ പ്രയാസങ്ങൾ അല്ലാഹു അകറ്റുമാറാകട്ടെ. എല്ലാ വാഖിഫീനെ സിന്ദഗികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു നിസ്വാർഥരായി ദീനി സേവനം ചെയ്യാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ. തങ്ങളുടെ വഖ്ഫ് നിറവേറ്റുന്നവരാകട്ടെ. വാഖ്ഫീനെ നൗഇനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കും അവരുടെ മാതാപിതാക്കും അവർ ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അഹമദിയ്യത്തിന്റെ ശുഹദാക്കൾക്കും അവരുടെ കുടുംബങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുള്ള എല്ലാ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. സ്വന്തം ദുആ ചെയ്യുന്നതോടൊപ്പം മറ്റുള്ളവർക്കുവേണ്ടിയും അന്യോന്യം ദുആ ചെയ്യുക. മറ്റുള്ളവർക്കു വേണ്ടി ദുആ ചെയ്യുന്നത് പിന്നീട് നമ്മെയേയും അല്ലാഹുവിന്റെ ഫള്ൽ കരസ്ഥമാക്കുന്നതാക്കി തീർക്കുന്നു. പെൺകുട്ടികളുടെ വിവാഹബന്ധങ്ങൾ ശരിയാകുന്നതിനുവേണ്ടി ദുആ ചെയ്യുക. അകാരണമായി വിവാഹബന്ധം ഉറയ്ക്കാതെ നീണ്ടുപോകുന്ന പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യുക. ഇപ്പോഴത്തെ അവസ്ഥയിലും അതിനുശേഷം ലോകത്ത് ഉണ്ടാകാൻപോകുന്ന സാമ്പത്തികാവസ്ഥയുടെ ദൂഷ്യഫലങ്ങളിൽനിന്ന് അഹ്മദികളെല്ലാം രക്ഷപ്പെടുന്നതിനും ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും ഒരുവിധ തടസ്സവും സംഭവിക്കാതിരിക്കുന്നതിനും വേണ്ടി ദുആ ചെയ്യുക. ഈ അവസ്ഥകളിൽ ജമാഅത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും ജമാഅത്തിനു സാമ്പത്തികത്യാഗങ്ങൾ ചെയ്യുന്നവർക്കുവേണ്ടിയും വളരെയധികം ദുആ ചെയ്യുക. അല്ലാഹു അവരുടെ സമ്പത്തുകളിൽ അഭിവൃദ്ധിനല്കുമാറാകട്ടെ. എം.ടി.എയിലെ പ്രവർത്തകർക്കുവേണ്ടിയും ദുആ ചെയ്യുക. അവരിൽ സന്നദ്ധസേവകരു(volunteers)മുണ്ട്. ഉദ്യോഗസ്ഥരുമുണ്ട്. അവർ കഠിനപ്രയത്നത്തോടെ തങ്ങളുടെ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന്റെ സന്ദേശം ലോകത്തെത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിക ലോകത്തിനു വേണ്ടി ദുആ ചെയ്യുക. അവരുടെ പരസ്പരമുള്ള കലഹങ്ങളെല്ലാം അവസാനിക്കുമാറാകട്ടെ. ശാന്തിസമാധാനത്തോടെ കഴിയാൻ അവർ പഠിക്കുമാറാകട്ടെ. ഇസ്‌ലാമിന്റെ വൈരികളുടെ ഉപദ്രവങ്ങളിൽ നിന്ന് അല്ലാഹു അവരെ സംരക്ഷിക്കുമാറാകട്ടെ. അവരുടെ ഇടയിലുള്ള ഭിന്നിപ്പ് ഇല്ലാതായെങ്കിൽമാത്രമെ ഇതു സാധ്യമാകുകയുള്ളു.

ചില ദുആകളും ഞാനിപ്പോൾ ചൊല്ലുന്നതാണ് ആ ദുആകൾ എന്നോടൊപ്പം നിങ്ങളും ആവർത്തിക്കുക.

**അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വനഊദുബിക്ക മിൻ ശുറൂരിഹിം.** (സുനൻ അബൂദാവൂദ്, കിതാബുൽവിത്ർ, ഹദീഥ് 1537)

*അല്ലാഹുവേ ഞങ്ങൾ നിന്നെതന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു അതായത് നിന്നോടുള്ള ആദരയുക്തമായ ഭയം അവരുടെ ഹൃദയത്തിൽ നിറയുമാറാകട്ടെ. ഞങ്ങൾ അവരുടെ ഉപദ്രവങ്ങളിൽ നിന്ന് നിന്റെ അഭയം ചോദിക്കുന്നു.*

**ലാ ഇലാഹ ഇല്ലല്ലാഹുൽ അളീമുൽഹലീം ലാ ഇലാഹ ഇല്ലല്ലാഹു റബ്ബുൽഅർശിൽ അളീം ലാ ഇലാഹ ഇല്ലല്ലാഹു റബ്ബുസ്സമാവാത്തി വറബ്ബുൽ അർളി വറബ്ബുൽ അർശിൽകരീം.** (സ്വഹീഹുൽബുഖാരി, കിതാബുദ്ദഅ്വാത്ത്, ഹദീഥ് 6346)

*അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ മഹത്ത്വമുടയവനും വലിയ ദയാലുവുമാകുന്നു. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ അർശിന്റെ റബ്ബാകുന്നു. അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ആകാശഭൂമികളുടെയും ആദരണീയ സിംഹാസനത്തിന്റെയും റബ്ബാകുന്നു.*

**യാ മുഖല്ലിബൽ ഖുലൂബ് ഥബ്ബിത്ത് ഖൽബീ അലാ ദീനിക്ക.** (സുനനുത്തിർമിദി, അബ്വാബുൽ ഖദ്ർ, ഹദീഥ് 2140)

*ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ!എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിറുത്തേണമേ.*

**അല്ലാഹുമ്മ ഇന്നീ അസ്അലുക്കൽഹുദാ വത്തുഖാ വൽഅഫാഫ വൽഗിനാ.** (സ്വഹീഹ് മുസ്‌ലിം, കിതാബുദ്ദിക്ർ വദ്ദുആ, ഹദീഥ് 2721)

*അല്ലാഹുവേ ഞാൻ നിന്നോട് സന്മാർഗവും തഖ്‌വായും പവിത്രതയും ഐശ്വര്യവും തേടുന്നു.*

**അല്ലാഹുമ്മ ഇന്നീ അഊദുബിക്ക മിൻ സവാലി നിഅ്മത്തിക്ക വതഹവ്വുലി ആഫിയത്തിക്ക വ ഫുജാഅത്തി നിഖ്മത്തിക്ക വ ജമീയി സുഖ്ത്തിക്ക.** (സ്വഹീഹ് മുസ്‌ലിം, കിതാബുർരിഖാഖ് ഹദീഥ് 2739)

*അല്ലാഹുവേ ഞാൻ നിന്റെ അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽ നിന്നും നിന്റെ സൗഖ്യത്തിൽ നിന്നകലുന്നതിൽനിന്നും പെട്ടെന്നുള്ള നിന്റെ ശിക്ഷയിൽ നിന്നുമെല്ലാം നിന്നോട് അഭയം തേടുന്നു. നിന്റെ കോപത്തിന് കാരണമാകുന്ന മറ്റെല്ലാ കാര്യങ്ങളിൽനിന്നും നിന്നോട് അഭയം തേടുന്നു.*

**റബ്ബനാ ളലംനാ അൻഫുസനാ വഇൻല്ലം തഗ്ഫിർലനാ വതർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.** (അഅ്റാഫ്: 24)

*അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ ആത്മാവിനോടുതന്നെ തെറ്റുചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളിൽ കരുണകാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകുന്നതാണ്.*

**റബ്ബനാ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ് ഹദയ്ത്തനാ വഹബ്‌ലനാ മിൻല്ലദുൻക്ക റഹ്മത്തൻ ഇന്നക്ക അൻതൽ വഹ്ഹാബ്.** (ആലുഇംറാൻ:9)

*ഞങ്ങളുടെ നാഥാ നീ ഞങ്ങൾക്ക് നേർമാർഗം നൽകിയശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ, ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ വലിയ അനുഗ്രഹദാതാവാകുന്നു.*

**റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.** (അൽബഖറ:202)

*ഞങ്ങളുടെ നാഥാ ഞങ്ങൾക്കു നീ ഇഹലോകത്തും പരലോകത്തും വിജയം നൽകേണമേ, ഞങ്ങളെ നരകശിക്ഷയിൽനിന്ന് രക്ഷിക്കേണമേ.*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ദുആയാണ്;

*സർവ്വാധിനാഥനായ അല്ലാഹുവേ! നിന്റെ അനുഗ്രഹങ്ങൾക്ക് എങ്ങനെ നന്ദി കാണിക്കണമെന്ന് എനിക്കറിയില്ല. നീ അത്യധികം കരുണ ചൊരിയുന്നവനും കരുണാമയനുമാകുന്നു. നിന്റെ അളവറ്റ അനുഗ്രഹങ്ങൾ എന്റെ മേലുണ്ട്. ഞാൻ നശിച്ചുപോകാതിരിക്കാൻ നീ എന്റെ പാപങ്ങൾ പൊറുത്തു തന്നാലും. എനിക്ക് നവജീവൻ ലഭിക്കുന്നതിനായി എന്റെ ഹൃദയത്തിൽ നിന്നോടുള്ള സംശുദ്ധമായ സ്നേഹം ഇട്ടുതന്നാലും. എന്റെ ന്യൂനതകളെ നീ മറച്ചുവയ്ക്കേണമേ. നീ തൃപ്തനാകുന്ന കർമങ്ങൾ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. നിന്റെ കോപത്തിനു പാത്രമാകാതിരിക്കാൻ നിന്റെ ആദരണീയമായ അസ്തിത്വത്തെ തൊട്ട് ഞാൻ രക്ഷതേടുന്നു. അല്ലാഹുവേ! നീ കരുണ ചൊരിയേണമേ. നീ കരുണ ചൊരിയേണമേ. നീ കരുണ ചൊരിയേണമേ. ഇഹലോകത്തിലേയും പരലോകത്തിലേയും പ്രയാസങ്ങളിൽനിന്ന് നീ എന്നെ രക്ഷിക്കേണമേ. എന്തെന്നാൽ എല്ലാ വിധ അനുഗ്രഹങ്ങളും നിന്റെ പക്കലാണുള്ളത്. ആമീൻ.*(മക്തൂബാത്തെ അഹ്മദ്. വാല്യം 2, പേജ് 159, ഹദറ്ത്ത് നവ്വാബ് മുഹമ്മദലി ഖാൻ സാഹിബിന് എഴുതിയ കത്ത്, മക്തൂബ് നമ്പർ 3)

*അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ സല്ലയ്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ കമാ ബാറക്ത്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക്ക ഹമീദുൻമ്മജീദ്.*

റമളാനിലെ അവസാനത്തെ ജുമുഅയാണ്. ഈ റമളാനിൽ നാം ചെയ്ത നന്മകളും നാമുണ്ടാക്കിയ പരിവർത്തനങ്ങളും തുടർന്നുകൊണ്ടുപോകാവാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ ഈ ദുആകളെല്ലാം സ്വീകരിക്കപ്പെടട്ടെ.

ഈദിനെ കുറിച്ചും വിളംബരം ചെയ്യട്ടെ. ഒരുപാടാളുകൾ എനിക്കെഴുതിയിരിക്കുന്നു, ഇവിടുത്തെ വെബ്സൈറ്റനുസരിച്ച് 24നാണ് ഈദാഘോഷിക്കുന്നത്. 24ന് ഈദാകുകയില്ല. ഞായറാഴ്ച ചന്ദ്രനെ കാണാൻ സാധിക്കുകയില്ല. പിന്നീട് ഞാൻ വീണ്ടും എഴുതി. രണ്ടുമൂന്നു തവണ ഇവിടുത്തെ വിദഗ്ദരുമായി വീണ്ടും മീറ്റിംഗ് ചേർന്നു. അമീർ സാഹിബിനോടു സ്വയം നോക്കാനും പറഞ്ഞു. പിന്നീട് അദ്ദേഹം ഒരു മാപ്പ് വരച്ച് എനിക്കയച്ചു. അതിൽ വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന വലിയ നഗരങ്ങളിൽ തീർച്ചയായും 23ന് ചന്ദ്രനെ കാണുകയില്ല. അദ്ദേഹം അയച്ച മാപ്പ് അനുസരിച്ച് ചിലസ്ഥലങ്ങളിൽ Falmouthലും Penzanceലും Hale ലും കണ്ണുകൊണ്ട് ചന്ദ്രനെ കാണാൻ കഴിയുന്നതാണ്. ഏതെങ്കിലും രാജ്യത്തിന്റെ ഒരു ഭാഗത്ത് ചന്ദ്രനെ കാണുകയാണെങ്കിൽ മറ്റു ഭാഗങ്ങളിലും ഈദാഘോഷിക്കാവുന്നതാണ്. മുസ്‌ലിം രാഷ്ട്രങ്ങളിലെ റുഅയത്ത് ഹിലാൽ കമ്മിറ്റിയും ഇപ്രകാരം പരിശോധന നടത്താറുണ്ട്. എന്തായാലും ഈ പരിശോധനയ്ക്കു ശേഷം രണ്ടുമൂന്നുപ്രാവശ്യം വീണ്ടും പരിശോധിച്ചതിനുശേഷം ഇൻശാഅല്ലാഹ് പെരുന്നാൾ 24 ന് ഞായറാഴ്ച ആയിരിക്കുമെന്ന് തീരുമാനിച്ചിരിക്കുകയാണ്.(അൽഫള്ൽ ഇന്റർ നാഷണൽ 2020 ജൂൺ 12 പേജ്, 5–9)

The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 നവംബർ 04, ഞായറാഴ്ച:**

(തുടർച്ച.....)ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: 'നിങ്ങൾക്കവിടെ സ്ഥിരമായ മുബല്ലിഗിന്റെ ആവശ്യമില്ലേ?

അപ്പോൾ അമീർ സാഹിബ് പറഞ്ഞു: കൂടുതൽ മുബല്ലിഗുമാരെ കിട്ടുകയാണെങ്കിൽ അവിടേയും മുബല്ലിഗിനെ വെക്കാനുള്ള പരിപാടിയുണ്ട്. മൽവാക്കിയുടേയും ശിക്കാഗോ(Chicago)യുടേയും ഇടയിലാണ് Zion. മൽവാക്കിയിൽ മുബല്ലിഗുണ്ട്. ശിക്കാഗോ(Chicago)യിലും മുബല്ലിഗുണ്ട്. ദശീലും മുറബ്ബി ഹൗസ് നിർമിക്കണമെന്നാണ് ഞങ്ങളുടെ പരിപാടി. അതിനുശേഷം അവിടെ മുബല്ലിഗിനെ നിയമിക്കാമെന്നും.

❋ഹുദൂർ ചോദിച്ചപ്പോൾ അമീർ സാഹിബ് പറഞ്ഞു: ഞങ്ങളുടെ മൊത്തം 74 ജമാഅത്തുകളിൽ 56 ജമാഅത്തുകളിലും മസ്ജിദുണ്ട്.

❋ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി ജാഇദാദ് പറഞ്ഞു: ഈ 56 മസ്ജിദുകളിൽ 19 എണ്ണം ഔദ്യോഗികമായി purpose-built മസ്ജിദുകളാണ്. ബാക്കി 37 എണ്ണം ചർച്ചുകളും മറ്റു കെട്ടിടങ്ങളുമാണ്. അത് മസ്ജിദാക്കി മാറ്റിയതാണ്.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി ജാഇദാദ് പറഞ്ഞു: അമേരിക്കയിലെ ജമാഅത്തിന്റെ പ്രോപർട്ടികളിൽ ചിലത് കാലിയായി കിടക്കുന്ന സ്ഥലങ്ങളുമുണ്ട്. അതിന്റെ മൊത്തം ഏരിയ 1000 ഏക്കറിൽ അധികമാണ്. അവയുടെ മൂല്യം 120 മുതൽ 122 വരെ മില്യൺ ഡോളറിന്റെ അടുത്താണ്.

അപ്പോൾ ഹുദൂർ പറഞ്ഞു: 'ആ കണക്കനുസരിച്ച് നിങ്ങളുടെ ഇൻഷൂറൻസ് വളരെ കുറവാണ്.'

സെക്രട്ടറി ജാഇദാദ് പറഞ്ഞു: കെട്ടിടങ്ങളൊന്നുമില്ലാതെ ശൂന്യമായി കിടക്കുന്ന സ്ഥലത്തിന് ഇൻഷൂറൻസില്ല.

❋അതിനുശേഷം ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി ഇശാഅത്ത് പറഞ്ഞു: കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഞങ്ങൾ നാലു ഗ്രന്ഥങ്ങൾ പൂർത്തിയാക്കി. അവയിൽ സീറത്തു ഖാത്തമുന്നബിയ്യീൻ(Chief of the Prophet)(സ), 'കർ നഃ കർ' എന്നിവയും ഉൾപെടുന്നു. കേന്ദ്രത്തിൽനിന്ന് അനുമതി ലഭിച്ചിരിക്കുന്നു. സീറത്തു ഖാത്തമുന്നബിയ്യീൻ പ്രസിദ്ധീകരിക്കുന്നത് കേന്ദ്രത്തിൽനിന്നാണെന്ന് തോന്നുന്നു.

ഹുദൂർ ചോദിച്ചപ്പോൾ സെക്രട്ടറി ഇശാഅത്ത് പറഞ്ഞു:10000 കോപ്പികൾ ഞങ്ങൾക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുകയില്ല. കാരണം ഇവിടെ ഇത്ര വലിയ മാർക്കറ്റില്ല.

അപ്പോൾ ഹുദൂർ പറഞ്ഞു: ഇംഗ്ലീഷിൽ അതിന്റെ തർജമ നടന്നുവരികയാണ്. ഇംഗ്ലീഷു ഗ്രന്ഥങ്ങൾക്ക് ലോകത്ത് ആവശ്യക്കാർ ഏറെയാണ്. നിങ്ങൾ അതു പ്രസിദ്ധീകരിക്കുകയാണെങ്കിൽ യു.കെ,യിലെ ജമാഅത്തുതന്നെ നിങ്ങളിൽനിന്ന് പത്തായിരം കോപ്പി വാങ്ങുന്നതായിരിക്കും. പക്ഷേ, അമേരിക്കൻ ഇംഗ്ലീഷിൽ spelling തുടങ്ങിയവയുടെ വ്യത്യാസമുണ്ടാകാറുണ്ട്. അതുകൊണ്ട് നിങ്ങൾ അത് വക്കീലുത്തസ്നീഫ് സാഹിബ് ലണ്ടന് അയച്ചുകൊടുക്കുക. മർക്കസിന് അത് പ്രസിദ്ധീകരിക്കാൻ കഴിയും. ഹുദൂർ നിർദേശിച്ചു, (ഇത് നോട്ടുചെയ്യുക, അതിന്റെ തർജമ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ലണ്ടിൽ പ്രസിദ്ധീകരിക്കുക)

(അഖ്ബാറെ ബദർ 2019 മെയ് 9–16)

**യു.എസ്.എ. നാഷണൽ**
**മജ്‌ലിസെ ആമില മീറ്റിംഗ്**

നാഷണൽ സെക്രട്ടറി തർബിയ്യത്തിനോട് ജമാഅത്തുകളുടെ എണ്ണം, തജ്നീദ് എന്നിവയെ കുറിച്ച് ഹുദൂർ ചോദിച്ചു:

സെക്രട്ടറി തർബിയ്യത്ത്: അമേരിക്കയിൽ 74 ജമാഅത്തുകളാണ് ഉള്ളത്. ആകെ തജ്നീദ് 20393 ആണ്.

ഹുദൂർ അൻവർ: ഈയടുത്ത സമയത്ത് തായ്‌ലന്റ്, ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കൂടുതൽ അഹ്മദി അഭയാർഥികൾ ഇവിടെ വന്നിട്ടുണ്ട്. അവരേയും തജ്നീദിൽ ഉൾപ്പെടുത്തുക.

ഹുദൂർ അൻവർ ചോദിച്ചതു പ്രകാരം സെക്രട്ടറി തർബിയ്യത്ത്: ജമാഅത്തുകളിൽ ആകെ നമസ്കാര സെന്ററുകൾ 200 മുതല് 275 വരെയുണ്ട്. എണ്ണം മാറിക്കൊണ്ടിരിക്കുന്നു. കാരണം നമസ്കാര സെന്ററിൽ അധികവും അഹ്മദികളുടെ വീടുകളിലാണ് സ്ഥാപിതമായിട്ടുള്ളത്. പത്ത് മുതൽ പതിനഞ്ച് മിനുട്ട് ഡ്രൈവ് ദൂരത്തിൽ താമസിക്കുന്ന അഹ്മദീ വീടുകളിൽ ഈ നമസ്കാര സെന്ററുകൾ തുടങ്ങാറില്ല. അര മണിക്കൂറോ അതില് കൂടുതലോ ഡ്രൈവ് ചെയ്ത് വരേണ്ടവരുടെ വീട്ടിൽ നമസ്കാര സെന്റർ സ്ഥാപിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി നമസ്കാര സെന്ററുകൾ 200നു മുകളിൽ തന്നെയാണ്.

ഹുദൂർ അൻവർ ചോദിച്ചതിനെ തുടർന്ന് സെക്രട്ടറി തർബിയ്യത്ത്: ഖുദ്ദാം, അത്ഫാൽ, അൻസാർ എന്നിവർ ചേർന്ന് 8500 അംഗങ്ങളുണ്ടാകും. ഞങ്ങൾ സർവേ ചെയ്തിരുന്നു. ഈ സർവേ അനുസരിച്ച് 35 ശതമാനം പേർ കൃത്യമായി മസ്ജിദുകളിൽ നമസ്കാരം നിർവഹിക്കാൻ എത്തുന്നു. ബാക്കി 22 ശതമാനം പേർ ആഴ്ചയിൽ രണ്ടോ അതിൽ കൂടുതൽ പ്രാവശ്യമോ മസ്ജിദിലെത്തുന്നു.

ഹുദൂർ അൻവർ: അന്വേഷിച്ചതു പ്രകാരം സെക്രട്ടറി തർബിയ്യത്ത്: സ്പ്രിംഗ്‌വാലി, ബയ്ത്തുർറഹ്മാൻ ജമാഅത്തുകളിൽ നമസ്കരിക്കാൻ വരുന്നവരുടെ എണ്ണം കുറവാണ്. ഇവിടെ ഇക്കാര്യത്തിൽ വലിയ വെല്ലുവിളിയാണ് നമ്മുടെ മുന്നിലുള്ളത്.

ഹുദൂർ അൻവർ ചേദിച്ചതു പ്രകാരം അജ്ഹർ ഹനീഫ് സാഹിബ് മുബല്ലിഗ് ഇൻചാർജ് അമേരിക്ക: ഇവിടെ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ ജുമുആ നമസ്കാരത്തിന് 350നടുത്ത് പേരുണ്ടാകും.

ഹുദൂർ അൻവർ: ഇത് അഞ്ചിലൊന്നിലും താഴെയാണ്. ജനങ്ങൾ വരുന്നില്ലെങ്കിൽ നിങ്ങൾ അതിന്നു വേണ്ടി എന്തു ശ്രമങ്ങളാണ് നടത്തുന്നത്? ജനങ്ങളെ മസ്ജിദിലേക്ക് വിളിക്കാൻ തർബിയ്യത്ത് വിഭാഗം എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? ബയ്ത്തുർറഹ്മാനിന്റെ അടുക്കൽ 3 ജമാഅത്തുകളുണ്ട്. ഇവിടെ ഒരു ജമാഅത്തിലെ ആമിലാ അംഗങ്ങളുടെ എണ്ണം ശരാശരി 20 പേരുണ്ടാകും. മൂന്ന് ജമാഅത്തിലെ ആമിലാ അംഗങ്ങളുടെ എണ്ണം 60 പേരാണ്. ഇതേപോലെ അൻസാറുല്ലാഹ് ഖുദ്ദാമുൽ അഹ്മദിയ്യാ ആമിലാ അംഗങ്ങളും 60 കാണും. ഇപ്രകാരം ആമിലാ അംഗങ്ങൾ മാത്രം 180 പേരുണ്ട്. ആമിലാ അംഗങ്ങൾ മാത്രം മസ്ജിദിൽ വരാൻ തുടങ്ങിയാൽതന്നെ നിലവിലുള്ളതിന്റെ മൂന്നിരട്ടി വർധന വരുന്നതാണ്.

നമസ്കാരം അടിസ്ഥാന കാര്യമാണ്. ഞാൻ തുടർച്ചയായി മാസത്തിൽ ഒരു തവണയല്ലെങ്കിൽ രണ്ട് മാസത്തിൽ ഒരു പ്രാവശ്യം നമസ്കാരത്തിലേക്ക് ശ്രദ്ധ തിരിക്കാറുണ്ട്. ഇത് വളരെ ആവശ്യമായ കാര്യമാണ്.

തർബിയ്യത്ത് ശരിയായെങ്കിലേ സെക്രട്ടറിമാലിന് ചന്ദ പിരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ഇല്ലാതാകുകയുള്ളൂ.അതുകൊണ്ട് തർബിയ്യത്ത് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. പ്രഥമമായി നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുക. തുടർന്ന് സാമ്പത്തിക ത്യാഗത്തിലേക്കും ശ്രദ്ധ നല്കുക.ഇതിന്നുവേണ്ടി വരുന്ന രണ്ടാഴ്ചക്കുള്ളിൽ വ്യവസ്ഥാപിതമായ ഒരു പദ്ധതി തയ്യാറാക്കുക. തയ്യാറാക്കുന്ന പദ്ധതിയുടെ ഒരു കോപ്പി എനിക്കും അയച്ചു തരിക.

ഹുദൂർ അൻവർ ചോദിച്ചതനുസരിച്ച് സെക്രട്ടറി തർബിയ്യത്ത്: കഴിഞ്ഞ 3 വർഷങ്ങളിൽ 20 മുതൽ 30 വരെയുള്ള ജമാഅത്തുകൾ സന്ദർശിച്ചു.

ഹുദൂർ അൻവർ: മുബല്ലിഗുമാരുടേയും സഹായം തേടുക.

ഹുദൂർ അൻവർ അന്വേഷിച്ചതനുസരിച്ച് സെക്രട്ടറി തർബിയ്യത്ത്: കഴിഞ്ഞ രണ്ടു മൂന്ന് വർഷമായി തർബിയ്യത്ത് വിഭാഗത്തിന് വ്യവസ്ഥാപിതമായി മുബല്ലിഗുമാർ ആരുമില്ല.

ഹുദൂർ അൻവർ: നിങ്ങളുടെയടുക്കൽ മുബല്ലിഗുമാരുടെ കുറവുണ്ട്. പാകിസ്താനിൽനിന്ന് ഇവിടേക്ക് വിസാ കിട്ടാറില്ല. ഘാനാ മുബല്ലിഗുമാർക്ക് ഇവിടേക്ക് വിസാ കിട്ടും. അവിടെനിന്ന് മുബല്ലിഗുമാരെ അയക്കാൻ കഴിയും.

ഹുദൂർ അൻവർ മുബല്ലിഗ് ഇൻചാർജിനോട്: നിങ്ങൾ അമേരിക്കയിൽനിന്ന് കൂടുതൽ കുട്ടികളെ ജാമിആയിലേക്കയക്കുക. ഇതിന്നുവേണ്ടി കൃത്യമായ പദ്ധതി തയ്യാറാക്കുക. അഫ്രോ അമേരിക്കൻ കുട്ടികളിൽനിന്ന് ചുരുങ്ങിയത് പത്തില്ലെങ്കിലും ഒന്നോ രണ്ടോ പേരെയെങ്കിലും ജാമിയായിലേക്കയക്കാൻ തീർച്ചയായും ശ്രദ്ധിക്കുക.

ഹുദൂർ അൻവർ അന്വേഷിച്ചതിനെ തുടർന്ന് ഒരംഗം പറഞ്ഞു: ഞങ്ങൾക്ക് വാഖ്ഫീനെ നൗ കുട്ടികളിൽനിന്ന് പത്തു ശതമാനം കുട്ടികളെ ജാമിആയിലേക്കയക്കാനുള്ള ടാർഗറ്റ് ലഭിച്ചിരുന്നു. ഈ വർഷം ഇവിടെനിന്ന് 3 വാഖ്ഫീനെ നൗ കുട്ടികളെ ജാമിആയിലേക്കയച്ചിട്ടുണ്ട്.

ഹുദൂർ അൻവർ: ഇത് ടാർഗറ്റിന്റെ മൂന്നിലൊരു ഭാഗമേ ആയിട്ടുള്ളൂ.അമേരിക്കയിൽ നിന്ന് കൂടുതൽപേരെ ജാമിആയിലേക്കയക്കാൻ ശ്രമിക്കുക.

ഹുദൂർ അൻവർ ചോദിച്ചതനുസരിച്ച് ഒരു അഫ്രോ അമേരിക്കൻ ആമിലാ അംഗം അബൂബക്കർ സാഹിബ്: എനിക്ക് ഒരു മകനുണ്ട്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ട് ജാമിആയിലേക്ക് പോകണമെന്നുള്ളത് അവന്റെ ആഗ്രഹമാണ്.

ഘാനയിൽ നിന്നുള്ളവർ തങ്ങളുടെ വഖ്ഫെ നൗ മക്കളെ ജാമിആ അഹ്മദിയ്യായിലേക്കയക്കാൻ ശ്രമിക്കുക.

ഹുദൂർ അൻവർ അബൂബക്കർ സഊദ് സാഹിബിനോട്: നിങ്ങൾ അഫ്രോ അമേരിക്കൻ വാഖ്ഫീനെ കൂടാതെ വെസ്റ്റ് ആഫ്രിക്കയുമായി ബന്ധമുള്ള പത്തു കുട്ടികളെ എനിക്ക് നല്കേണ്ടതാണ്. ഇതു നിങ്ങളുടെ ടാർഗറ്റാണ്. ഇത് തീർച്ചയായും നിങ്ങൾ പൂർത്തിയാക്കുക.

സെക്രട്ടറി തർബിയ്യത്തിനോട് ഹുദൂർ അൻവർ: നിങ്ങൾ നിങ്ങളുടെ ആമിലാ അംഗങ്ങളുടെ പിന്നാലെ കൂടുകയും അവർക്ക് ജമാഅത്തായുള്ള നമസ്കാരത്തിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള തോന്നൽ വളർത്തുകയും ചെയ്താൽ നമസ്കാരക്കാരുടെ എണ്ണത്തിൽ കൂടുതൽ വർധന ഉണ്ടാകുന്നതാണ്. ഹുദൂർ അൻവർ അന്വേഷിച്ചതിനെതുടർന്ന് ജനറൽ സെക്രട്ടറി: 60 ശതമാനം ജമാഅത്തുകളും തങ്ങളുടെ റിപ്പോർട്ട് അയക്കുന്നു. അയക്കാത്തവരെ ആവർത്തിച്ച് ഓർമപ്പെടുത്തുന്നു. ഇപ്പോൾ ഇതിൽ വർധനയുണ്ട്.

നാഷണൽ സെക്രട്ടറി തബ്ലീഗിനോട് ഹുദൂർ അൻവർ: നിങ്ങൾ സ്പാനിഷ് ഭാഗത്ത് കൂടുതൽ ശ്രദ്ധിക്കുന്നു. അമേരിക്കയിൽ ആകമാനം തബ്ലീഗ് വ്യാപിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് പദ്ധതി എന്തെങ്കിലും ഉണ്ടോ?

നാഷണൽ സെക്രട്ടറി തബ്ലീഗ്: ശൂറായിലും തബ്ലീഗ് സംബന്ധമായുള്ള നിർദേശം ഉണ്ടായിരുന്നു. ഹുദൂർ അൻവർ അതിന് അംഗീകാരം നല്കിയിട്ടുണ്ട്. അതനുസരിച്ച് ഞങ്ങൾ പ്രവർത്തിച്ചു വരുന്നു. ഹുദൂറിൽനിന്ന് തുടർച്ചയായി വന്നുകൊണ്ടിരിക്കുന്ന മാർഗനിർദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ചു വരുന്നു. മുബല്ലിഗുമാരുടെ മീറ്റിംഗിൽ ഹുദൂർ യുകെ യിൽ പറഞ്ഞിരുന്നു: ഇസ്‌ലാം കോഫി കേക്കിൽമാത്രം ഒതുക്കാതെ നാമിപ്പോൾ കൂടുതൽ കാര്യങ്ങളെ കുറിച്ച് ആലോചിക്കേണ്ടതുണ്ടെന്ന്. ഇതേപോലെതന്നെ റിവ്യൂ ഓഫ് റിലീജ്യൺസിനെ പ്രചാരണത്തിനു വേണ്ടി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടും ഹുദൂർ നിർദേശങ്ങൾ നല്കിയിരുന്നു. ഞങ്ങൾ ഇതിനുവേണ്ടി ഒരംഗത്തെ നിശ്ചയിച്ചിട്ടുണ്ട്. ഹുദൂർ അൻവർ അയൽവാസികൾക്ക് തബ്ലീഗ് ചെയ്യുന്നതു വിഷയകമായും മാർഗനിർദേശം നല്കിയിരുന്നു. ഇത് വിഷയകമായും പ്രയത്നിച്ചു വരുന്നു.

ഹുദൂർ അൻവർ: 'ഇസ്‌ലാം കേക്കും കാഫിയും' പ്രോഗ്രാം മുഖേന ആകെ എത്ര പേരുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്?

സെക്രട്ടറി തബ്ലീഗ്: കഴിഞ്ഞ രണ്ടര വർഷമായി 'ഇസ്‌ലാംകേക്കും കാഫിയും' പ്രോഗ്രാമിനു കീഴിൽ ആകെ 4100 സിറ്റിംഗുകൾ സംഘടിപ്പിച്ചു. ഇപ്രകാരം 11300 വ്യക്തികളുമായി ബന്ധം സ്ഥാപിച്ചു. എന്നാൽ, ഞങ്ങൾ ഞങ്ങളുടെ ഡാറ്റാ ബേസിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം 1027ആണ്.

ഹുദൂർ അൻവർ: മുസ്‌ലിം കൗൺസിലിന്റേയോ മുസ്‌ലിം കമ്മ്യൂണിറ്റിയുടെ ഭാഗത്തുനിന്നോ എതിർപ്പ് ഉണ്ടായിട്ടുണ്ടോ? ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച് വളരെയധികം വിമർശനങ്ങളോടെ ഈയിടെ അവർ ഒരു തുറന്ന കത്തും എഴുതിയിരുന്നു. അവർക്ക് മറുപടി നല്കിയിരുന്നോ?

നാഷണൽ സെക്രട്ടറി തബ്ലീഗ്: ഇതുവരെ അതിന് മറുപടി നല്കിയിട്ടില്ല.

ഹുദൂർ അൻവർ: ഈ വിമർശനങ്ങൾക്ക് വേഗത്തിൽ മറുപടി നല്കേണ്ടതുണ്ട്. ചെയ്യാതിരുന്നാൽ ഇത് വായിക്കുന്ന ചില മുസ്‌ലിമീങ്ങൾ ഈ വിമർശനങ്ങൾ ശരിയാണെന്നു ധരിക്കും. ചുരുങ്ങിയത് 500 പേരുടെ ഒരു ടീം സോഷ്യൽ മീഡിയായിൽ വേഗത്തിൽ മറുപടി പറയുന്നതിന്നായി നിങ്ങൾ തയ്യാറാക്കുക. ഇതിന്നു ശേഷം ഇതിന്റെ വിശദീകരിച്ച മറുപടി വൈറൽ ആക്കണമെന്ന് ആഗ്രഹിക്കുന്നു എങ്കിൽ എന്നിൽ നിന്ന് അനുമതി വാങ്ങുക. അതുകൊണ്ട് അനഹ്മദികൾ എഴുതിയ ഈ കത്തിന് ചുരുങ്ങിയത് 100 അഹ്മദികൾ മറുപടി നല്കേണ്ടതാണ്. ഇന്ന് രാത്രിതന്നെ ഈ പ്രവർത്തനത്തിന് അവരെ ചുമതലപ്പെടുത്തുക.

ഹുദൂർ അൻവർ നാഷണൽ സെക്രട്ടറി തഅ്‌ലീം ആതിഫ് മിയാനോട് പറഞ്ഞു: നിങ്ങൾ സെക്രട്ടറി തഅ്‌ലീം ആണ്. നിങ്ങൾ ജമാഅത്തിന്റെ ഇകണോമിക് ഉപദേശകൻ ആയിരിക്കും എന്നാണ് ഞാൻ കരുതിയത്. കാരണം ഇംറാൻഖാൻ നിങ്ങളെ അഡ്വൈസറി കമ്മിറ്റിയുടെ അംഗമാക്കുന്നതിൽ വിസ്സമ്മതം പ്രകടിപ്പിച്ചിരുന്നല്ലോ? തുടർന്ന് ഹുദൂർ അദ്ദേഹത്തെ ഫൈനാൻസ് കമ്മിറ്റിയിലെ അംഗമാക്കാൻ നിർദേശം നല്കി.

ഹുദൂർ അൻവർ അന്വേഷിച്ചതിനെ തുടർന്ന് നാഷണൽ സെക്രട്ടറി തഅ്‌ലീം: എന്റെയടുക്കൽ ഈ സമയത്ത് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന വിദ്യാർഥികളുടെ ഡേറ്റ ഇല്ല.

ഹുദൂർ അൻവർ: നിങ്ങളുടെയടുക്കൽ ഈ ഡേറ്റ വേണ്ടതാണ്. ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായോടും ലജ്നാ ഇമാഇല്ലായോടും പറഞ്ഞിട്ടുണ്ട്. അവർ വിദ്യാർഥി സംബന്ധമായ വിഭാഗവും മുഹ്തമിം ഉമൂറെ ത്വലബായും സ്ഥാപിക്കേണ്ടതുണ്ട്. അവരുടെ പ്രവൃത്തികൾ വിദ്യാർഥി സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് മേൽനോട്ടം വഹിക്കൽ തന്നെയാണ്. നിങ്ങൾ അവരിൽനിന്ന് ഡാറ്റ വാങ്ങുക.

ഹുദൂർ അൻവർ അന്വേഷിച്ചതിനെ തുടർന്ന് നാഷണൽ സെക്രട്ടറി തഅ്‌ലീം: ഞങ്ങൾ വിവിധ പ്രായത്തിലുള്ള വിഭാഗത്തിനു വിവിധ പ്രോഗ്രാമുകൾ തയ്യാറാക്കുന്നു. ഉദാഹരണമായി നഴ്സറി മുതൽ എട്ടാം ക്ലാസു വരെയുള്ള കുട്ടികൾക്ക് മാത്സിനു വേണ്ടി ഒരു പ്രോഗ്രാം വെച്ചിട്ടുണ്ട്. ഇത് ചൂടുകാലത്ത് പൂർത്തീകരിക്കും.

ഹുദൂർ അൻവർ: 12–ാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ റിസൽട്ട് എങ്ങെനെയാണ്?

സെക്രട്ടറി തഅ്‌ലീം: റിസൽട്ടുകൾ അത്രയധികം നല്ലതല്ല. ഇത് സംബന്ധമായി ശൂറയിൽ സമർപ്പിക്കാൻ ഹുദൂർ അൻവറിന്റെ നിർദേശവും വന്നിരുന്നു. ഞങ്ങൾ ഖുദ്ദാമുൽ അഹ്മദിയ്യായുമായും ഇതു വിഷയകമായി ചർച്ച ചെയ്തിരുന്നു. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉന്നതമാക്കി മാറ്റുന്നതു വിഷയവുമായി ബന്ധപ്പെട്ട് ഹുദൂറിന്റെ നിർദേശം അനുസരിച്ച് ശൂറായിലും ഈ വിഷയം വെക്കുന്നതാണ്.

ഹുദൂർ അൻവർ: ആദ്യം ഡേറ്റ തയ്യാറാക്കുക. യൂണിവേഴ്സിറ്റികളിലും സ്കൂളിലും പഠിക്കുന്ന വിദ്യാർഥി വിദ്യാർഥിനികൾ എത്രപേരുണ്ട്? അവരുടെ പേര്, വയസ്സ്, വിദ്യാഭ്യാസം, ഭാവി പരിപാടി ഇവയെ കുറിച്ചുള്ള വിവരങ്ങൾ നിങ്ങളുടെയടുക്കൽ വേണ്ടതാണ്. എല്ലാ ജമാഅത്തിലും ഒരു കൗൺസിലിംഗ് സിസ്റ്റം വേണ്ടതാണ്. ചുരുങ്ങിയത് വലിയ പട്ടണങ്ങളിലുള്ള വലിയ ജമാഅത്തുകളിൽ തീർച്ചയായും ഈ സിസ്റ്റം വേണ്ടതാണ്.

പൊതുവെ വിദ്യാർഥികൾ ഭാവിയിൽ എന്ത് ചെയ്യണമെന്നറിയാൻ വിവിധ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽനിന്നും മാർഗനിർദേശം തേടാറുണ്ട്. ചിലത് സാമ്പത്തിക സ്ഥാപനങ്ങളാണ്. വ്യവസ്ഥാപിതമായി ഫീസ് വാങ്ങി മാർഗദർശനം നല്കുന്നു. അതുകൊണ്ട് സ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഭാവിയിൽ ഏത് ഫീൽഡിൽ പഠിക്കണമെന്നറിയാൻ കൗൺസിലിംഗിന്റെ സംവിധാനം നിങ്ങൾ ഉണ്ടാക്കി കൊടുക്കണം.പ്രധാന ഫീൽഡ് ഏതാണെന്ന് അവരോട് പറയുന്നത് ഫലം ചെയ്യുന്നതാണ്. ഭാവിയിൽ തങ്ങൾ എന്ത് ചെയ്യണമെന്ന് നമ്മുടെ വിദ്യാർഥികൾ അറിഞ്ഞിരിക്കണം. ഇവിടെ വിദ്യാസമ്പന്നർ ധാരാളമുണ്ട്. അതുകൊണ്ട് എല്ലാ റീജ്യണിലേയും വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി ഉണ്ടാക്കുക. അവർ വിദ്യാർഥികൾക്ക് കൗൺസിലിംഗിനുള്ള സംവിധാനം ഒരുക്കിക്കൊടുക്കുന്നതാണ്. ഓരോ ജമാഅത്തിലും റീജ്യണിലും സാധ്യമല്ലെങ്കിൽ ചുരുങ്ങിയത് ഒരു സെൻട്രൽ കമ്മിറ്റി ഉണ്ടാകേണ്ടതാണ്. മറ്റു സ്ഥലങ്ങളിൽപോയി അവർ മാർഗദർശനം നേടുന്നതിന്ന് പകരം കൗൺസിലിംഗിനുവേണ്ടി അവർ നിങ്ങളുടെയടുക്കൽ വരട്ടെ.

സെക്രട്ടറി ഇശാഅത്തിനോട് ഹുദൂർ അൻവർ: പത്രങ്ങളിൽ ലേഖനങ്ങൾ എഴുതുന്നത് കൂടാതെ മറ്റെന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്?

സെക്രട്ടറി ഇശാഅത്ത്: ഞങ്ങൾ ബുക്ക് സ്റ്റാൾ മാനേജ് ചെയ്യുന്നുണ്ട്. ഇപ്പോൾ ആമസോണിൽ പുസ്തകങ്ങൾ വിൽപന നടത്താൻ തുടങ്ങിയിട്ടുണ്ട്.

ഹുദൂർ അൻവർ: ഇപ്പോൾ അഡീഷണൽ വക്കിലുൽ ഇശാഅത്ത് ബറായെ തർസീൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് അവരുമായി ബന്ധം വേണ്ടതാണ്. പുതിയ പുസ്തകം പ്രസിദ്ധീകൃതമാകുന്നതോടെ അതിനെ കുറിച്ചുള്ള വിവരം നിങ്ങൾക്ക് ലഭിക്കേണ്ടതാണ്. എത്ര പുസ്തകങ്ങൾ ആവശ്യമുണ്ടെന്ന വിവരം നിങ്ങൾ അവരോട് പറയേണ്ടതാണ്.

ഹുദൂർ അന്വേഷിച്ചതനുസരിച്ച് സെക്രട്ടറി ഇശാഅത്ത്: എവിടെയെല്ലാം മുബല്ലിഗുമാർ നിയോഗിതരാണോ അവിടെ ലൈബ്രറികളും നിലവിലുണ്ട്. എന്നാൽ, പൊതു ജനങ്ങൾക്ക് ചില സ്ഥലങ്ങളിൽ ലൈബ്രറികൾ ഇല്ല.കാരണം അവിടെ സ്ഥലമില്ല.

ഹുദൂർ അൻവർ: ഭാവിയിൽ നിങ്ങൾ മസ്ജിദിന്റേയും മറ്റും പ്ലാനിന്റെ ഡ്രായിംഗ് തയ്യാറാക്കുമ്പോൾ അതിൽ ലൈബ്രറിക്ക് വേണ്ടിയുള്ള സ്ഥലവും അടയാളപ്പെടുത്തിയിരിക്കണം.

ഹുദൂറിന്റെ നിർദേശാനുസരണം നാഷണൽ സെക്രട്ടറി രിശ്ത നാത്വ: നമ്മുടെ ഡാറ്റബേസിൽ ഏകദേശം 450 പേരുടെ ഡാറ്റയാണുള്ളത്. കഴിഞ്ഞ വർഷം 12 വിവാഹ ബന്ധങ്ങളാണ് നടന്നത്. 80 ആൺകുട്ടികളും 230ൽ അധികം പെൺകുട്ടികളുമുണ്ട്.

ഹുദൂറിന്റെ നിർദേശാനുസരണം നാഷണൽ സെക്രട്ടറി രശ്ത നാത്ത: ആൺകുട്ടികളുടെ പ്രായം 25നും 35നും ഇടയിലാണ്. അവരുടെ വിദ്യാഭ്യാസനിലവാരവും വ്യത്യസ്തമാണ്. മറുഭാഗത്ത് പെൺകുട്ടികൾ വളരെ വിദ്യാസമ്പന്നരുമാണ്. ഇതു കാരണത്താലും പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഹുദൂറിന്റെ നിർദേശാനുസരണം നാഷണൽ സെക്രട്ടറി രശ്ത നാത്ത: ഇന്റർ നാഷണൽ രശ്ത നാത്ത കമ്മിറ്റിയുമായി നമുക്ക് ബന്ധമുണ്ട്. അവർ ചില നിർദേശങ്ങളും അയച്ചിട്ടുണ്ട്.

ഹുദൂർ അൻവർ: ഇതു വിഷയകമായി മർക്കസുമായി കൃത്യമായ ബന്ധം വെക്കുക.

ഹുദൂറിന്റെ നിർദേശാനുസരണം നാഷണൽ സെക്രട്ടറി രശ്ത നാത്ത: ഇതുവരെ 10 വിവാഹ ബന്ധങ്ങൾ ഉറപ്പിച്ചിട്ടുണ്ട്. ഇവരിൽ ചിലരുടെ വിവാഹവും കഴിഞ്ഞു.

നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജയോട് ഹുദൂർ അൻവർ: ഈ വർഷത്തെ നിങ്ങളുടെ പ്ലാനെന്താണ്? നിങ്ങളുടെ ഡ്യൂട്ടി എന്തെല്ലാമാണ്? ഇതിന്റെ പ്രവർത്തനത്തെ കുറിച്ച് അറിയുമോ? നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജ: തഹ്‌രീകെ ജദീദിന്റെ ചട്ടങ്ങളനുസരിച്ച് ഗവൺമെന്റ് അതോറിറ്റികൾ, മതസംഘടനകൾ, ഇതര സംഘടനകൾ, പ്രിന്റ് ആന്റ് മീഡിയ എന്നിവയുമായി ബന്ധം സ്ഥാപിക്കുക. ഇലക്ട്രോണിക്, പ്രിന്റ് മീഡിയയുമായി ബന്ധപ്പെട്ടുകൊണ്ട് ജമാഅത്തിന്റെ വീക്ഷണത്തെ വെളിപ്പെടുത്തുക എന്നുള്ളതും

## ഹദീഥുന്നബവി (സ):

*നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)*

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

എന്റെ പ്രവൃത്തിയാണ്.

ഹുദൂർ അൻവർ: ഇലക്ട്രോണിക് പ്രിന്റ് ആന്റ് മീഡിയ പ്രവൃത്തികൾ നിങ്ങളല്ല ചെയ്യുന്നത്.

സെക്രട്ടറി ഉമൂറെ ഖാരിജ: ഹുദൂർ ഈ പ്രവൃത്തി മീഡിയാ ടീമിന്റെ ഉത്തരവാദിത്വത്തിലാണുള്ളത്.

ഹുദൂർ അൻവർ: ഇന്നുമുതൽ ഈ പ്രവൃത്തി ഞാൻ നിങ്ങളുടെ ഉത്തരവാദിത്വത്തിൽ ഏൽപ്പിക്കു കയാണ്. ഒരു കമ്മിറ്റി ഉണ്ടാക്കുക. അല്ലെങ്കിൽ ടീം ഉണ്ടാക്കുക. മീഡിയ, പ്രസ്, അതിനോട് അനുബന്ധമായ എല്ലാ പ്രശ്നങ്ങളും നോക്കുക. ഭാവിയിൽ ജമാഅത്തിന്റെ വീക്ഷണങ്ങൾ മീഡിയായിൽ അവതരിപ്പിക്കുന്ന പ്രവൃത്തി നിങ്ങളുടേതായിരിക്കും. എവിടെയെങ്കിലും ജമാഅത്തീ നയങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടായാൽ മീഡിയാ, പ്രസുകളിലേക്ക് അയക്കുന്നതിന്നു മുമ്പേ എന്നിൽ നിന്ന് ആവശ്യമായ മാർഗദർശനം തേടുക. ജമാഅത്തിന്റെ ഭാഗത്തുനിന്നുള്ള പ്രസ്താവനകൾ നല്കുന്നതിനും പ്രസ് റിലീസ് അല്ലെങ്കിൽ ഇന്റർവ്യൂ നല്കുന്നതിനമുള്ള ജമാഅത്തിന്റെ പ്രതിനിധി ഭാവിയിൽ നിങ്ങളായിരിക്കും. ഇൻചാർജ് മീഡിയാ ടീം നസീം റഹ്മത്തുല്ലായോട് ഹുദൂർ അൻവർ: നിങ്ങളുടെ മീഡിയാ ടീമിന് എന്തെങ്കിലും പ്ലാനുണ്ടെങ്കിൽ അല്ലെങ്കിൽ എന്തെങ്കിലും മാർഗദർശനങ്ങളുണ്ടെങ്കിൽ അത് സെക്രട്ടറി ഉമൂറെ ഖാരിജക്ക് നല്കുക. ഇന്നു മുതൽ ഉമൂറെ ഖാരിജ വിഭാഗം ഈ പ്രവൃത്തി കൈകാര്യം ചെയ്യുന്നതായിരിക്കും.

ഉമൂറെ ഖാരിജ വിഭാഗമാണ് ഇതര സമുദായവുമായും ജമാഅത്തുകളുമായും ബന്ധങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഞാൻ നിങ്ങൾക്ക് പുതിയ ഒരു assignment നല്കാനാഗ്രഹിക്കുകയാണ്. നോർത്ത് അമേരിക്കൻ മുസ്‌ലിം കൗൺസിലുമായി സ്നേഹബന്ധം സ്ഥാപിക്കാൻ ശ്രമിക്കുക. അവർ ജമാഅത്തിന്റെ മേൽ ഉയർത്തിയ ആക്ഷേപങ്ങൾക്ക് മറുപടിയും നിങ്ങളാണ് നല്കേണ്ടത്.

നിങ്ങൾ ഒരു ടീമുണ്ടാക്കുക. സമകാലീന പ്രശ്നങ്ങളെ പരാമർശിച്ചുള്ളതാണ് നിങ്ങളുടെ ചില പ്രസ്താവനകൾ. മറ്റു ചിലത് അന്തർദേശീയ സാഹചര്യങ്ങളേയും പ്രത്യേകിച്ചും പാക്കിസ്താനിലെ അഹ്മദികളെ പരാമർശിച്ചുള്ളതാണ്. ഇവയിൽ നിങ്ങൾ സൂക്ഷ്മത പാലിക്കേണ്ടി വരും. പാക്കിസ്താനീ അഹ്മദികളുടെ പ്രശ്നങ്ങൾ വരുന്നിടത്ത് നിങ്ങൾ എന്റെ അനുവാദം വാങ്ങാതെ സ്വയം പ്രസ്താവനകൾ ഇറക്കരുത്.

നിങ്ങൾ നേരിട്ട് അമീർ സാഹിബിന്റെ മാർഗദർശനങ്ങൾക്ക് കീഴിൽ പ്രവൃത്തിക്കേണ്ടതാണ്. നിങ്ങൾ പൂർണമായും സ്വതന്ത്രനല്ല. ഇതുകൂടാതെ എന്റെ പ്രസ് ആന്റ് മീഡിയ സെക്ഷനുമായും ബന്ധം വെക്കുക. എന്തെങ്കിലും അടിയന്തിര സാഹചര്യം നേരിട്ടാൽ ഫോൺ മുഖേനയോ ഈ മെയിൽ മുഖേനയോ ആബിദ് വഹീദുമായി ബന്ധം സ്ഥാപിക്കാവുന്നതാണ്. ഈ ഓഫീസ് 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്നു.കേവലം ആബിദ് സാഹിബ് മാത്രമല്ല, വേറെയും സ്റ്റാഫംഗങ്ങൾ അതിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ പ്രവർത്തിക്കുന്ന സ്റ്റാഫംഗങ്ങളുടെ ഫോൺ നമ്പറുകൾ വാങ്ങുക.

രണ്ടാമത്തെ കാര്യം പത്രത്തിൽ വരുന്ന എല്ലാ പ്രശ്നങ്ങൾക്കും പ്രസ്താവന നടത്തേണ്ടത് അനിവാര്യമായ കാര്യമല്ല. ചില പ്രശ്നങ്ങൾ ജമാഅത്തുമായി ബന്ധപ്പെട്ടതായിരിക്കില്ല. അത്തരം പ്രശ്നങ്ങളിൽ കടന്നുകയറേണ്ട ആവശ്യമില്ല. ഇത്തരം കാര്യങ്ങളുടെ ഭാഗമാകാതിരിക്കുക. മറ്റു മുസ്‌ലിമീങ്ങൾക്ക് സ്വയം മറുപടി നല്കാൻ വിട്ടേക്കുക. പത്രക്കാർ നേരിട്ട് നിങ്ങളുടെയടുക്കൽ വരികയാണെങ്കിൽ നിങ്ങൾ അവർക്ക് മറുപടി നല്കാവുന്നതാണ്. എന്നാൽ, നയപരമായ കാര്യങ്ങളിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്. ഏതെങ്കിലും നയപരമായ കാര്യങ്ങൾക്ക് മറുപടി നല്കൽ അനിവാര്യമാണെന്ന് തോന്നുകയാണെങ്കിൽ നിങ്ങളുടെ പ്രസ്താവന ഡിപ്ലോമാറ്റിക് ആയിരിക്കേണ്ടതാണ്. ശേഷം ഇതു വിഷയകമായി എന്നിൽനിന്ന് മാർഗദർശനം തേടുക. മാർഗദർശനം ലഭിച്ചതിനുശേഷം നിങ്ങൾക്ക് വ്യക്തമായ പ്രസ്താവനകൾ നടത്താവുന്നതാണ്.

**(തുടരും)**

**(പേജ് 2ൽനിന്ന്)**

ഴുതി പ്രസിദ്ധീകരിച്ച അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഞാൻ കുറ്റവിമുക്തനായി. പിഴയും തിരിച്ചു നൽകപ്പെട്ടു. എനിക്കെതിരിൽ വിധി പറഞ്ഞ ആളോട് ആ വിധി ദുർബലപ്പെടുത്താൻ നിർദേശിച്ചതോടൊപ്പം, ആ വിധി അയാൾ അനാവശ്യമായി പുറപ്പെടുവിച്ചതാണെന്ന് പറഞ്ഞ് അയാളെ കോടതി ശാസിക്കുകയും ചെയ്തു. എന്നാൽ, ഞാൻ മവാഹിബുർറഹ്മാനിൽ കാലേകൂട്ടി പ്രസിദ്ധീകരിച്ചിരുന്നതുപോലെ കറംദീന് ശിക്ഷ കിട്ടി. കോടതിയുടെ നിർദേശത്താൽ അയാൾ പെരും നുണയനാണെന്ന് രേഖപ്പെടുത്തപ്പെട്ടു. നമ്മുടെ എതിരിൽ നിൽക്കുന്ന എല്ലാ മൗലവിമാരും തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി. അഹോ കഷ്ടം! എന്റെ എതിരാളികൾക്ക് ഇത്രമാത്രം പരാജയമുണ്ടായിട്ടും എന്നെ സംബന്ധിച്ച് 'ഇയാളുടെ പിന്നിൽ ഒരു കൈ പ്രവർത്തിക്കുന്നുണ്ടെന്നും ആ കൈയാണ് അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും ഇയാളെ രക്ഷിക്കുന്നതെന്നുമുള്ള ചിന്ത ഒരിക്കലും അവർക്കുണ്ടായില്ല. അവർ നിർഭാഗ്യരല്ലായിരുന്നെങ്കിൽ, അവരിൽനിന്ന് ആക്രമണമുണ്ടായപ്പോഴെല്ലാം അവരുടെ ദ്രോഹത്തിൽനിന്ന് അല്ലാഹു എന്നെ രക്ഷിച്ചത് അവർക്കൊരു മുഅ്ജിസത്താകുമായിരുന്നു. രക്ഷിച്ചുവെന്ന് മാത്രമല്ല, രക്ഷിക്കുമെന്നുള്ള അറിയിപ്പ് മുൻകൂട്ടി തന്നുകൊണ്ടാണ് രക്ഷിച്ചത്. ഓരോ തവണയും ഓരോ കേസിന്റെ അവസരത്തിലും ഞാൻ നിന്നെ രക്ഷിക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ അവൻ തന്റെ വാഗ്ദാനമനുസരിച്ച് എന്നെ കാത്തുരക്ഷിച്ചു. ഒരു ഭാഗത്ത് ലോകം മുഴുവൻ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഒറ്റക്കെട്ടായിരിക്കുന്നു. മറുഭാഗത്ത് ആ സർവശക്തനായ അല്ലാഹു അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും എന്നെ രക്ഷിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം.

എന്റെ ശിഷ്യനായിരുന്ന ചിരാഗ്ദീൻ ജമ്മുനി മുർത്തദ്ദായപ്പോൾ അഥവാ പുറത്തുപോയപ്പോൾ നമ്മുടെ എതിരാളികൾക്ക് സന്തോഷിക്കാനുള്ള മറ്റൊരു അവസരം കൈവന്നു. അയാൾ നമ്മുടെ ജമാഅത്തിൽനിന്ന് പുറത്ത് പോയതിനുശേഷം അല്ലാഹുവിൽനിന്നുള്ള അറിയിപ്പ് പ്രകാരം, അല്ലാഹുവിന്റെ കോപത്തിന്നിരയായിട്ടായിരിക്കും അയാൾ നശിക്കുകയെന്ന് ഞാനെന്റെ ദാഫിഉൽ ബലാഅ് വ മിഅ്‌യാരെ അഹ്‌ലുൽ ഇസ്തിഫാ എന്ന ചെറുഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ചില മൗലവിമാർ എന്നോടുള്ള പിടിവാശി ഒന്നുകൊണ്ടുമാത്രം അയാളോടു കൂട്ടുകൂടി. അങ്ങനെ അയാളൊരു ഗ്രന്ഥമെഴുതി. അതിന് 'മിനാരത്തുൽമസീഹ്' എന്ന് പേരുവെച്ചു. അതിൽ ഞാൻ ദജ്ജാലാണെന്ന് അയാളെഴുതി. തന്റെ ഇൽഹാമുകളും പ്രസിദ്ധപ്പെടുത്തി. അയാൾ പറഞ്ഞു: "ഞാൻ റസൂലാണ്. അല്ലാഹുവിന്റെ മുർസലീങ്ങളിൽ ഒരു മുർസലാണ്. ഈ ദജ്ജാലിനെ (എന്നെ) വധിക്കുന്നതിനായി ഹദ്റത്ത് ഈസാ എനിക്കൊരു വടി തന്നിരിക്കുന്നു. ഞാൻ ദജ്ജാലാണെന്നും അയാളുടെ കൈയാൽ ഞാൻ നശിക്കുമെന്നുമുള്ള വിവരണമാണ് 'മിനാരത്തുൽമസീഹ്' എന്ന ഗ്രന്ഥത്തിന്റെ പകുതിഭാഗവും. ഈ വാർത്ത തനിക്ക് അല്ലാഹുവും ഈസായും നൽകിയിരിക്കുന്നുവെന്നു അയാളെഴുതി." അതിന്റെ പര്യവസാനമെന്താണെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. ഈ വ്യക്തി 1906 ഏപ്രിൽ നാലാം തിയതി തന്റെ രണ്ടു പുത്രന്മാരോടൊപ്പം പ്ലേഗിന്നിരയായിക്കൊണ്ട് എന്റെ പ്രവചനത്തിന്റെ സാക്ഷിയായി. ദയനീയമായി അയാൾക്ക് ജീവൻ ഉപേക്ഷിക്കേണ്ടിവന്നു. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ ഞാനുമായി മുബാഹല നടത്താൻ അയാളൊരു രേഖ തയ്യാറാക്കിയിരുന്നു. എന്റേയും അയാളുടേയും പേരെടുത്തെഴുതിക്കൊണ്ട് അല്ലാഹുവിനോട് അയാൾ ദുആ ചെയ്തു. 'ഞങ്ങളിരുവരിൽ ആരാണോ കളവ് പറയുന്നത് അയാൾ നശിക്കട്ടെ' എന്നായിരുന്നു അത്. അല്ലാഹുവിന്റെ ശക്തി നോക്കുക. ആ രേഖ എഴുത്തുകാരന്റെ കൈയിലെത്തി അയാൾ എഴുതാൻ തുടങ്ങിയതേയുള്ളു, ചിരാഗ്ദീൻ തന്റെ പുത്രന്മാരോടൊപ്പം അതേ ദിവസം തന്നെ എന്നെന്നേക്കുമായി യാത്രയായി. *ഫഅ്തബിറൂ യാ ഉലിൽ അബ്സ്വാർ*(59:3) അതുകൊണ്ട് കണ്ണുള്ളവരേ നിങ്ങൾ പാഠം പഠിച്ചുകൊള്ളുക. എന്നെ ദജ്ജാലെന്ന് പറയുന്ന എന്റെ എതിരാളികളായ ഇൽഹാമുവാദികളുടെ അവസ്ഥയാണിത്. അത്തരക്കാരുടെ പര്യവസാനം ആരുംതന്നെ ചിന്തിക്കുന്നില്ല. മുർത്തദ്ദായിപ്പോയ ചിരാഗ്ദീന്റെ പിന്നാലെ പോയിട്ടും മൗലവിമാർക്ക് തങ്ങളുടെ ലക്ഷ്യം പ്രാപിക്കാനായില്ല.

ഇതിനുശേഷമാണ് മറ്റൊരു ചിരാഗ്ദീൻ ജന്മമെടുത്തത്. ഡോക്ടർ അബ്ദുൽ ഹക്കീംഖാൻ. ഇയാളും എന്നെ ദജ്ജാലെന്നാണ് കണക്കാക്കുന്നത്. ചിരാഗ്ദീനെപ്പോലെ മുർസലിംകളിൽപ്പെട്ടയാളാണ് താനെന്ന് അയാൾ ഗണിക്കുന്നു. എന്നാൽ, ചിരാഗ്ദീന് കൊടുത്തതുപോലെ എന്നെ വധിക്കാൻ ഇയാൾക്കും ഹസ്റത്ത് ഈസാ(അ)വടി കൊടുത്തിട്ടുണ്ടോ എന്നറിവായിട്ടില്ല.' അഹങ്കാരത്തിലും പൊങ്ങച്ചത്തിലും ആദ്യത്തെ ചിരാഗ്ദീനെ കവച്ചുവെക്കുന്ന ആളാണ് ഇയാൾ.

ചീത്ത പറയുന്നതിലും ഒട്ടും പിന്നിലല്ല. വഞ്ചനയിൽ അയാളെക്കാൾ മികച്ച ചുവടാണ്. അഹങ്കാരപ്രകൃതിയുള്ള ഈ ഒരു പിടിമണ്ണ് ജമാഅത്തിൽനിന്ന് പുറത്തു പോയപ്പോഴും നമ്മുടെ എതിർ മൗലവിമാർക്ക് ഒരു ഖജനാവ് കിട്ടിയതുപോലെ വളരെ സന്തോഷമുണ്ടായി. എന്നാൽ, ഇവർ ഇത്രമാത്രം സന്തോഷിക്കാൻ പാടില്ലാത്തതാണ്. ആദ്യത്തെ ചിരാഗ്ദീനെ ഓർത്തുനോക്കുക. അവർ ആഗ്രഹിക്കുന്ന സന്തോഷം നൽകാതെ എപ്പോഴും അവരെ പരാജയപ്പെടുത്തിയിട്ടുള്ള ആ അല്ലാഹു


**ഹദീഥുന്നബവി (സ):**

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബവി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 25 June 2020 Issue-26

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ഇപ്പോഴുമുണ്ട്. ഏതുപോലെ ചിരാഗ്ദീന്റെ അന്ത്യത്തെ സംബന്ധിച്ച് മുൻകൂട്ടി എന്നെ അറിയിച്ചിരുന്നുവോ അതുപോലെ കാര്യങ്ങളെല്ലാം നല്ലവണ്ണം അറിയുന്നതായ ആ അല്ലാഹു ഈ രണ്ടാമത്തെ ചിരാഗ്ദീൻ അതായത് അബ്ദുൽ ഹക്കീംഖാന്റെ അന്ത്യത്തെ സംബന്ധിച്ചും കാലേകൂട്ടി എന്നെ അറിയിച്ചിട്ടുണ്ട്. അപ്പോൾ ഇവർക്ക് സന്തോഷിക്കാനുള്ള അവസരം എവിടെ? അല്പം ക്ഷമ കൈക്കൊള്ളുക. പര്യവസാനം നോക്കുക. അജ്ഞനായ ഒരാൾ പുറത്തുപോയതുകൊണ്ടു ഇത്രമാത്രം സന്തോഷിക്കനെന്തിരിക്കുന്നു. നമ്മുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്. നിർഭാഗ്യംകൊണ്ട് ആരെങ്കിലും പുറത്തുപോയാൽ ആസ്ഥാനത്തേക്ക് ആയിരങ്ങൾ പ്രവഹിക്കുന്നു.

ആരെങ്കിലും മുർത്തദ്ദായിപ്പോയാൽ അയാൾ ഏതൊരു പ്രസ്ഥാനത്തിൽനിന്നാണോ മുർത്തദ്ദായിപ്പോയത് ആ പ്രസ്ഥാനം സത്യമല്ലാതാകുന്നതെങ്ങനെ? ഹദ്റത്ത് മൂസാ(അ)യുടെ കാലത്ത് പല ദുഷ്ടന്മാരും മുർത്തദ്ദായിപ്പോയത് നമ്മുടെ എതിർ പണ്ഡിതന്മാർക്ക് അറിയില്ലേ? പിന്നീട് ഈസാ(അ)യുടെ സംഘത്തിൽനിന്ന് പലരും മുർത്തദ്ദായി. പല ദുഷ്ടന്മാരും നിർഭാഗ്യവാന്മാരും നമ്മുടെ നബി(സ)തിരുമേനിയുടെ കാലത്ത് മുർത്തദ്ദായിപ്പോയി. മുസയ്ലിമത്തുൽ കദ്ദാബും മുർത്തദ്ദീങ്ങളിൽപ്പെട്ടയാളായിരുന്നു. അതുകൊണ്ട് അബ്ദുൽ ഹക്കീം ഖാൻ മുർത്തദ്ദായിപ്പോയതിൽ സന്തോഷിക്കുന്നതും അത് ഈ സത്യജമാഅത്ത് സത്യമല്ലെന്നതിന് തെളിവായിക്കരുതുന്നതും വിഡ്ഢികളാണ്. അതെ, ഈ ആളുകൾ കുറച്ചു ദിവസത്തേയ്ക്ക് വ്യാജസന്തോഷത്തിന് കാരണക്കാരാകുകതന്നെ ചെയ്യുന്നു. എന്നാൽ, ആ സന്തോഷം പെട്ടെന്നാണ് മാഞ്ഞുപോകുന്നത്.

ഒരാൾ എന്റെ മസീഹ് മൗഊദ് വാദത്തെ നിഷേധിച്ചപ്പോൾ ആ നിഷേധി പ്ലേഗ് പിടിപ്പെട്ടു മരിക്കുമെന്ന് സ്വപ്നത്തിലൂടെ കാണിച്ചുകൊടുക്കുകയും അങ്ങനെ അയാൾ പ്ലേഗിന്നിരയായി മരിക്കുകയും ചെയ്തുവെന്നു തന്റെ ഗ്രന്ഥത്തിൽ എന്റെ പേരെഴുതി രേഖപ്പെടുത്തിയ അതേ അബ്ദുൽ ഹക്കീം ഖാൻ തന്നെയാണിത്. എന്നിട്ടിപ്പോൾ അശേഷം ലജ്ജായില്ലാതെ സ്വയം മുർത്തദ്ദായി ചീത്ത പറയുകയും കഠിനമായി നിന്ദിക്കുകയും അപവാദങ്ങൾ പറഞ്ഞുപരത്തുകയും ചെയ്യുന്നു. എന്ത്! പ്ലേഗിന്റെ കാലം ഇവിടന്ന് പോയോ?

മോക്ഷത്തിന്റെ ആശ്രയം തൗഹീദാണെന്ന കാര്യം നാം വിവരിച്ചു കഴിഞ്ഞു. അത് സാത്താനികമായ തൗഹീദിൽനിന്നു വേർപെട്ടൊരു കാര്യമാണ്. അത് കാലത്തിന്റെ നബി (സ)തിരുമേനിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ അനുധാവനം ചെയ്യുകയും ചെയ്യാതെ കൈവരിക സാധ്യമല്ല. റസൂലിനെ അനുഗമിക്കാതെയുള്ള ശുഷ്കിച്ച തൗഹീദ് ഒരു പ്രയോജനവും ചെയ്യുകയില്ല. മറിച്ച് അത് ശവംപോലെയാണ്. അതിൽ ആത്മാവില്ല. ഇനിയുള്ളത് വിശുദ്ധഖുർആൻ നമ്മുടെ വിശദീകരണമനുസരിച്ച് മനുഷ്യന്റെ മോക്ഷം റസൂലിനെ അനുഗമിക്കുന്നതോട് ബന്ധിപ്പിച്ചിട്ടുണ്ടോ, ഇല്ലേ എന്ന വിവരണമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കിത്തരുന്നതിനുവേണ്ടി ഖുർആനിക വചനങ്ങൾ നാം സമർപിക്കുകയാണ്.

1. **ഖുൽ അതീയുല്ലാഹ വ അതീയുർറസൂൽ** (തർജമ). *പറയുക: അല്ലാഹുവിനെ അനുസരിക്കുക. റസൂലിനേയും. (24:55)*

കല്പനയെ ധിക്കരിക്കുകയെന്നത് പാപവും നരകത്തിൽ കടക്കേണ്ടതിന് കാരണവുമാണെന്നത് ഖണ്ഡിതവും അവിതർക്കിതവുമായ കാര്യമാണ്. ഇവിടെ ഏതു രീതിയിൽ തന്നെ അനുസരിക്കണമെന്നത് അല്ലാഹു ആജ്ഞാപിക്കുന്നുവോ അതേ രീതിയിൽതന്നെ റസൂലിനെ അനുസരിക്കണമെന്നും ആജ്ഞാപിക്കുന്നു. ആരെങ്കിലും അവന്റെ കല്പനയിൽനിന്ന് മുഖംതിരിച്ചാൽ അയാൾ, ഏതൊരു കുറ്റകൃത്യത്തിന്റെ ശിക്ഷ നരകമാണോ അതേ കുറ്റമാണ് ചെയ്യുന്നത്.

2. **യാ അയ്യുഹല്ലദീന ആമനൂ ലാ തുഖദ്ദിമൂ ബയ്നയദയില്ലാഹി വ റസൂലിഹീ വത്തഖുല്ലാഹ ഇന്നല്ലാഹ സമീയുൻ അലീം** (തർജമ). *വിശ്വസിച്ചവരേ, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനയെ മുൻകടന്ന് നിങ്ങൾ ഒരു കാര്യവും ചെയ്യരുത്. അതായത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും കല്പനകളിൽ കൃത്യമായി സഞ്ചരിക്കുക. ധിക്കാരം പ്രവർത്തിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു കേൾക്കുകയും ചെയ്യുന്നു. അറിയുകയും ചെയ്യുന്നു. (49:2).* ഏതൊരുവൻ തന്റെ ശുഷ്കിച്ച തൗഹീദിൽ വിശ്വസിച്ച് (അത് വാസ്തവത്തിൽ ആ ശരിയായ തൗഹീദ് അല്ല) റസൂലിൽനിന്ന് തന്നെ സ്വതന്ത്രനായി മനസ്സിലാക്കുകയും റസൂലിൽനിന്ന് ബന്ധം വിച്ഛേദിക്കുകയും, അദ്ദേഹത്തിൽനിന്ന് പൂർണമായും തന്നെ മാറ്റി നിറുത്തുകയും അപമര്യാദയായി ചുവടു മുന്നോട്ടു വെക്കുകയും ചെയ്യുന്നുവോ അവൻ അല്ലാഹുവിനെ ധിക്കരിക്കുന്നവനും മോക്ഷം ലഭിക്കാത്തവനുമാണ്.

3. **ഖുൽ മൻകാന അദുവ്വൻ ല്ലില്ലാഹി വ മലാഇക്കത്തിഹീ വ റുസുലിഹീ വ ജിബ്രീല വ മീക്കാല ഫഇന്നല്ലാഹ അദുവ്വുൻല്ലിൽകാഫിരീൻ** (തർജമ).*പറയുക, ഏതൊരാൾ അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ ദൂതന്മാരുടേയും ജിബ്രീലിന്റേയും മീക്കാഈലിന്റേയും ശത്രുവാകുന്നുവോ, അല്ലാഹു അത്തരം നിഷേധികളുടെ ശത്രുവാകുന്നു.(2:99).* ശുഷ്കിച്ച് തൗഹീദിനെ അംഗീകരിക്കുകയും എന്നാൽ, നബി(സ)തിരുമേനിയെ നിഷേധിക്കുകയും ചെയ്യുന്നവൻ യാഥാർഥത്തിൽ നബി(സ)തിരുമേനിയുടെ ശത്രുവാകുന്നു. ഇതുകൊണ്ട് ഈ ആയത്തനുസരിച്ച് അല്ലാഹുവും അവന്റെ ശത്രുവാണ്. ദൈവത്തിന്റെ മോക്ഷം പ്രാപിക്കുവാൻ അവനെങ്ങനെ സാധിക്കും.

**(തുടരും)**

➢ ➢ ➢

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**(പേജ് 1ൽനിന്ന്)**

പൂച്ചയിൽനിന്നാണെ'ന്ന് അദ്ദേഹം പറയുമായിരുന്നുവെന്ന് ഞാൻ വായിച്ചിട്ടുണ്ട്. മനുഷ്യൻ പരമമായ ചിന്താദൃഷ്ടിയോടെ നോക്കുകയാണെങ്കിൽ മൃഗം പരസ്യമായ നിലയിൽ സൽസ്വഭാവങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് അവന് അറിയാൻ കഴിയും. എന്റെ അഭിപ്രായത്തിൽ എല്ലാ പക്ഷിമൃഗാദികളും ഒരു സൃഷ്ടിയാണ്. അതിന്റെ സമാഹാരത്തിന്റെ പേരാണ് മനുഷ്യൻ. ഇതു ഒറ്റയൊരു ആത്മാവാണ്. അതുകൊണ്ട് ആലമെസ്വഗീർ(ചെറിയ ലോകം)എന്ന് പറയപ്പെടുന്നു. മൊത്തമായ നിലയിൽ എല്ലാ സൃഷ്ടികളുടേയും പൂർണത മനുഷ്യനിൽ സമ്മേളിച്ചിരിക്കുന്നു. എല്ലാ മനുഷ്യരുടേയും ശ്രേഷ്ഠതകൾ നമ്മുടെ നബി(സ)തിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു. അതുകൊണ്ടാണ് അവിടന്ന് മുഴുലോകത്തിനുവേണ്ടിയും നിയോഗിതനായത്; അങ്ങനെ റഹ്മത്തുല്ലിൽആലമീൻ എന്നു പറയപ്പെട്ടു. **ഇന്നക്ക ലഅലാ ഖുലുഖിൻ അളീം**(68:5) എന്ന വചനത്തിലും മൊത്തത്തിലുള്ള ശ്രേഷ്ഠതകളിലേക്കുള്ള സൂചനയാണുള്ളത്. മഹത്തായ മുഹമ്മദീ സൽസ്വഭാവങ്ങളെ കുറിച്ച് ഈ രീതിയിൽ ചിന്തിക്കാവുന്നതാണ്. ഇക്കാരണത്താലാണ് നബി(സ)തിരുമേനിയുടെമേൽ സമ്പൂർണമായ നുബുവ്വത്തിന്റെ ശ്രേഷ്ഠതകൾ അവസാനിച്ചത്. ഏതെങ്കിലും വസ്തുവിന്റെ അവസാനം അതിന്റെ അടിസ്ഥാനഉദ്ദേശ്യത്തിന്റെ അവസാനമാണുണ്ടാകുക എന്നത് സർവസമ്മതമായ കാര്യമാണ്. ഗ്രന്ഥത്തിൽ പ്രതിപാദിക്കേണ്ട എല്ലാ ഉദ്ദേശ്യങ്ങളും വിവരിച്ചു കഴിയുമ്പോഴാണ് ആ ഗ്രന്ഥം പൂർണമാകുന്നതും അവസാനിക്കുന്നതും. ഇപ്രകാരം രിസാലത്തിന്റേയും നുബുവ്വത്തിന്റേയും അടിസ്ഥാനപരമായ ഉദ്ദേശ്യം നബി(സ)തിരുമേനിയുടെമേൽ അവസാനിച്ചു. ഇതാണ് ഖതമുന്നുബുവ്വത്തിന്റെ അർഥം. കാരണം ഇത് മുമ്പേ മുതൽതന്നെ നടന്നുവന്ന ഒരു പരമ്പരയാണ്. സമ്പൂർണമനുഷ്യനിൽവന്ന് അത് അവസാനിച്ചു.' (മൽഫൂദാത്ത്, വാല്യം 1, പേജ് 149–152)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(കുറിപ്പുകൾ):

**1.** *ഹദ്റത്ത് ഈസാ എന്നെ കൊല്ലുന്നതിനുവേണ്ടി ചിരാഗ്ദീന് വടി നലകി. ഈ ദ്വേഷവും കോപവും അദ്ദേഹത്തിന്റെ മനസ്സിലുണ്ടായതെന്തിനാണെന്ന് അറയില്ല. അദ്ദേഹത്തിന്റെ മരണത്തെ കുറിച്ച് ലോകത്ത് പ്രസിദ്ധീകരിച്ചതുകൊണ്ടാണെങ്കിൽ ഇത് അദ്ദേഹത്തിന്റെ തെറ്റാണ്. ഇത് ഞാൻ പ്രസിദ്ധീകരിച്ചിട്ടില്ല. പ്രത്യുത അയാൾതന്നെയാണ് പ്രസിദ്ധീകരിച്ചത്. അവന്റെ സൃഷ്ടികൾ നമ്മെ പോലെ ഈസായുമാണ്. സംശയമുണ്ടെങ്കിൽ ഈ ആയത്ത് നോക്കുക വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻഖബ്‌ലിഹിർറുസുൽ, അതുപോലെ തന്നെ ഫലമ്മാ തവഫ്ഫയ്‌ത്തനീ കുൻത അൻതർറഖീബ അലയ്ഹിം എന്ന ആയത്തും നോക്കുക. അത്ഭുതപ്പെട്ടുപോകുകയാണ്, എന്നെ നശിപ്പുക്കുന്നതിനുവേണ്ടി ആർക്കാണോ അദ്ദേഹം വടി നല്കിയത് അയാൾ സ്വയം നാശമടയുന്നു; ഇതു നല്ല വടിയാണ്. രണ്ടാമത്തെ ചിരാഗ്ദീനും അതായത് അബ്ദുൽഹക്കീം ഖാനും എന്റെ മരണത്തെ കുറിച്ച് ആദ്യത്തെ ചിരാഗ്ദീനെപ്പോലെ പ്രവചനം ചെയ്തിരക്കുന്നുവെന്ന് കേട്ടു. എന്നാൽ, അതിൽ ഏതെങ്കിലും വടിയെ കുറിച്ച് പറയുന്നുണ്ടോ എന്നറിയില്ല.*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin